بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ   وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 1

ലക്കം 1

# ബദ്ർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadarqadian.in

വ്യാഴം 10 മാർച്ച് 2016     30 ജമാദുൽ അവ്വൽ 1437


## അഹ്മദിയ്യാ വാർത്ത

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീ ൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അൽഹംദുലില്ലാഹ്. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ.

اَللّٰهُمَّ اَيِّدْ اِمَامَنَا بِرُوْحِ الْقُدُسِ وَبَارِكْ لَنَا فِيْ عُمُرِهٖ وَاَمْرِهٖ

**സത്യമായ ആവേശത്തോടുകൂടി അദ്ദേഹം കൂറുകാണിച്ചതും എനിക്കുവേണ്ടി എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിച്ചതും ജനങ്ങളുടെ വായിൽനിന്ന് എല്ലാതരത്തിലുള്ള കാര്യങ്ങളു കേട്ടതുമൊന്നും എനിക്കൊരിക്കലും മറക്കാനാവുകയില്ല. മഗ്ഫൂറും മർഹൂമുമായ ഹാജി സാഹിബ് ഒരു വലിയ ജമാഅത്തിന്റെ നേതാവായിരുന്നു. അദ്ദേഹം യഥാർത്ഥത്തിൽ മനസ്സുകൊണ്ട് ബയ്അത്ത് പരമ്പരയിൽ തന്നെ പ്രവേശിപ്പിച്ചു. ഖാളി സാഹിബ് ഈ വിനീതന്റെ തിരഞ്ഞെടുക്കപ്പെട്ട സ്നേഹിതന്മാരിൽപ്പെട്ടയാളാണ്. സേവനം ചെയ്യുന്നതിൽ എപ്പോഴും സന്നദ്ധനായിരിക്കുന്നു.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

**9. ഹിബ്ബി ഫില്ലാഹ് (അല്ലാഹുവിന്റെ വഴിയിലെ എന്റെ സ്നേഹിതൻ) മീർ അബ്ബാസ് അലി ലോധാനവി:**

അല്ലാഹു എന്നോടുള്ള സ്നേഹം ആദ്യം മനസ്സിലിടുകയും ഏറ്റവുമാദ്യം യാത്രാബുദ്ധിമുട്ട് സഹിച്ച് സജ്ജനങ്ങളുടേയും ഉത്തമന്മാരുടേയും സുന്നത്തനുസരിച്ച് തനിച്ച് അല്ലാഹുവിനുവേണ്ടി മാത്രം ഖാദിയാനിൽവന്ന എന്റെ ആദ്യത്തെ സ്നേഹിതനാണ് ഈ പുണ്യാത്മാവ്. സത്യമായ ആവേശത്തോടുകൂടി അദ്ദേഹം കൂറുകാണിച്ചതും എനിക്കുവേണ്ടി എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിച്ചതും ജനങ്ങളുടെ വായിൽനിന്ന് എല്ലാതരത്തിലുള്ള കാര്യങ്ങളും കേട്ടതുമൊന്നും എനിക്കൊരിക്കലും മറക്കാനാവുകയില്ല. മീർ സാഹിബ് അങ്ങേയറ്റം മനോഹരമായ അവസ്ഥകളുടെ ഉടമസ്ഥനാണ്. ഈ സാധുവുമായി ആത്മീയബന്ധം പുലർത്തുന്നയാളാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥതയുടെ മർത്തബ സ്ഥാപിക്കാൻ ഇതുമാത്രം മതിയായതാണ്. ഒരിക്കൽ ഈ സാധുവിന് അദ്ദേഹത്തെ സംബന്ധിച്ച് ഇൽഹാമുണ്ടായി:

*അസ്ലുഹൂ ഥാബിത്തുൻ വ ഫർഉഹു ഫിസ്സമാഇ*

അദ്ദേഹം ഈ സത്രത്തിൽ സർവവും അല്ലാഹുവിനു സമർപിച്ചുകൊണ്ടുള്ള ജീവിതം നയിച്ചുവരുന്നു. തന്റെ ആദ്യകാലനാളുകളിൽ 20 വർഷംവരെ ഇംഗ്ലീഷുകാരുടെ ഓഫീസിൽ സർക്കാരുദ്യോഗസ്ഥനായി ജോലി ചെയ്തിരുന്നു. എന്നാൽ, സുദാരിദ്ര്യത്തിന്റേയും ദർവേശിയുടേയും കാരണത്താൽ അദ്ദേഹത്തിന്റെ മുഖത്ത് നോക്കുമ്പോൾ, ഇംഗ്ലീഷ് അറിയുന്ന ആളാണെന്നുപോലും തോന്നുകയില്ല. എന്നാൽ, വാസ്തവത്തിൽ അദ്ദേഹം വലിയ കഴിവുള്ളയാളും ചൊവ്വായ അവസ്ഥകളിൽ നിലകൊള്ളുന്ന വ്യക്തിയും സൂക്ഷ്മബുദ്ധിമാനുമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ലാളിത്യം ഒരുപാടാണ്. ഇക്കാരണത്താൽ ചില കുതന്ത്രക്കാരുടെ ദുർബോധനങ്ങൾ അദ്ദേഹത്തെ ദുഃഖിപ്പിക്കുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഈമാനികശക്തി പെട്ടെന്ന് അവയെ അകറ്റുകയും ചെയ്യുന്നു.

**10. ഹിബ്ബിഫില്ലാഹ് മുൻശീ അഹ്മദ് ജാൻ സാഹിബ്:**

ഈ സമയത്ത് വേദനാജനകമായ മനസ്സോടെ ഈ ദുഃഖകഥ എനിക്കു എഴുതേണ്ടി വന്നിരിക്കുകയാണ്; ഇപ്പോൾ നമ്മുടെ ഈ പ്രിയപ്പെട്ട സ്നേഹിതൻ ഈ ലോകത്തില്ല. ഉദാരവാനും കരുണാമയനുമായ അല്ലാഹു സ്വർഗത്തിന്റെ വഴിയിലേക്ക് അദ്ദേഹത്തെ വിളിച്ചു. *ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ വ അന ബി ഫിറാഖിഹീ ല മഹ്സൂനൂൻ.* മഗ്ഫൂറും മർഹൂമുമായ ഹാജി സാഹിബ് ഒരു വലിയ ജമാഅത്തിന്റെ നേതാവായിരുന്നു. അദ്ദേഹത്തിന്റെ മുരീദന്മാരിൽ സദാചാരമാർഗത്തിന്റേയും സൗഭാഗ്യത്തിന്റേയും സുന്നത്തിനെ പിൻപറ്റുന്നതിന്റേയും ലക്ഷണങ്ങൾ സുവ്യക്തമാണ്. പ്രസ്താവിക്കപ്പെട്ട വ്യക്തി ഈ വിനീതന്റെ ബയ്അത്തിന്റെ പരമ്പര തുടങ്ങുന്നതിനു മുമ്പേ വഫാത്തായി പോയെങ്കിലും, ഇക്കാര്യം അദ്ദേഹത്തിന്റെ അമാനുഷിക സിദ്ധിയിൽനിന്ന് ഞാൻ നോക്കിക്കാണുകയാണ്; അതായത് അദ്ദേഹം ബയ്ത്തുല്ലാഹിൽ പോകണമെന്ന് വിചാരിക്കുന്നതിനു കുറച്ചു ദിവസം മുമ്പേ, ഈ സാധുവിന് ഒരു കത്ത് എത്രമാത്രം വിനയത്തോടെ എഴുതിയെന്നാൽ, അതിൽ അദ്ദേഹം യഥാർത്ഥത്തിൽ മനസ്സുകൊണ്ട് ബയ്അത്ത് പരമ്പരയിൽ തന്നെ പ്രവേശിപ്പിച്ചു. അങ്ങനെ അതിൽ അദ്ദേഹം സാത്വികരുടെ സ്വഭാവത്തിൽ തന്റെ തൗബ പ്രകടിപ്പിക്കുകയും തന്റെ മഗ്ഫിറത്തിനുവേണ്ടി ദു:ആ ആഗ്രഹിക്കുകയും ചെയ്തു. എഴുതി: 'ഞാൻ അങ്ങയുടെ ദൈവികമായ ബന്ധത്തിന്റെ നിഴലിൻ കീഴിൽ എന്നെ സ്വയം മനസ്സിലാക്കുന്നു.' പിന്നീടെഴുതി: 'അങ്ങയുടെ ജമാഅത്തിൽ പ്രവേശിച്ചുകഴിഞ്ഞ ഈ ഭാഗമാണ് എന്റെ ജീവിതത്തിൽ ഏറ്റവും ഉത്തമമായത്.' അതിനുശേഷം ആത്മാവിന്റെ പോരായ്മ എന്ന നിലയിൽ, തന്റെ കഴിഞ്ഞുകടന്ന നാളുകളുടെ പരാതി എഴുതുകയും വായിച്ചാൽ കരഞ്ഞുപോകുന്ന ഒരുപാട് വേദന നിറഞ്ഞവാക്യങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വേദനാനിർഭരമായ വിവരണത്തോടെ അവസാനം എഴുതിയ ആ സ്നേഹിതന്റെ കത്ത് ഇപ്പോഴുമുണ്ട്. എന്നാൽ, വേദനയോടെ പറയട്ടെ! ബയ്ത്തുല്ലായിലെ ഹജ്ജ് കഴിഞ്ഞ് മടങ്ങിവന്ന നേരത്ത് ആ സേവ്യന്റെമേൽ രോഗം മൂർച്ഛിച്ചതുകൊണ്ട് ആ വേളയിൽ കാണാൻ കഴിഞ്ഞില്ല. എന്നല്ല കുറച്ചുദിവസങ്ങൾക്കുശേഷം വഫാത്തായ വാർത്ത കേൾപ്പിക്കപ്പെട്ടു. വാർത്ത കേട്ടുടനെ ഒരു വലിയ ജമാഅത്തോടുകൂടി ഖാദിയാനിൽ ജനാസ നമസ്കരിക്കപ്പെട്ടു. പരേതനായ ഹാജീ സാഹിബ് സത്യം പ്രകടിപ്പിക്കുന്നതിൽ ചങ്കൂറ്റമുള്ളയാളായിരുന്നു. വിവേകശൂന്യരായ ചിലയാളുകൾ ഹാജീ സാഹിബിനെ ഈ വിനീതനുമായി ബന്ധം വെക്കുന്നത് താങ്കളുടെ സ്ഥാനത്തിന് നിരക്കുന്നതല്ലെന്ന് പറഞ്ഞ് വിലക്കി. പക്ഷേ, അദ്ദേഹം പറഞ്ഞു: 'എനിക്കൊരു സ്ഥാനവും പ്രശ്നമല്ല. മുരീദുമാരുടെ ആവശ്യവുമില്ല.' അദ്ദേഹത്തിന്റെ മകൻ സാഹിബ് സാദ ക്ലാൻ ഹാജി ഇഫ്തിഖാർ അഹ്മദ് സാഹിബ്, അദ്ദേഹത്തെ പിൻപറ്റി ഈ വിനീതനുമായി ഉൽകൃഷ്ടമായ ആത്മാർത്ഥത വെച്ചുപുലർത്തുന്നു. സദാചാരമാർഗത്തിന്റേയും നന്മയുടേയും ഭക്തിയുടേയും ലക്ഷണങ്ങൾ അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമാണ്. അദ്ദേഹം അല്ലാഹുവിൽ സർവവും ഭരമേല്പിച്ച് ജീവിക്കുന്നയാളായിട്ടും ഒന്നാംതരത്തിലുള്ള സേവനം ചെയ്യുകയും ആത്മാർത്ഥതയോടുകൂടി ആ വഴിയിൽ സന്നദ്ധമാകുകയും ചെയ്തിരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തെ ബാഹ്യവും ആന്തരികവുമായ അനുഗ്രഹങ്ങളാൽ സമ്പന്നനാക്കട്ടെ.

**11. ഹിബ്ബിഫില്ലാഹ് ഖാളി ഖ്വാജഃ അലി സാഹിബ്:**

ഖാളി സാഹിബ് ഈ വിനീതന്റെ തിരഞ്ഞെടുക്കപ്പെട്ട സ്നേഹിതന്മാരിൽപ്പെട്ടയാളാണ്. സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും കൂറിന്റേയും സത്യസന്ധതയുടേയും നിഷ്കളങ്കതയുടേയും ലക്ഷണങ്ങൾ അദ്ദേഹത്തിന്റെ മുഖത്ത് സുവ്യക്തമാണ്. സേവനം ചെയ്യുന്നതിൽ എപ്പോഴും സന്നദ്ധനായിരിക്കുന്നു. എന്റെ സ്നേഹിതൻ മീർ അബ്ബാസ്  എന്റെ സ്നേഹിതൻ മീർ അബ്ബാസ് അലി ഉൾപ്പെട്ട ഒന്നാമത്തെ കൂട്ടരിൽപ്പെട്ടയാളാണ്. അദ്ദേഹം എപ്പോഴും സേവനത്തിൽ വ്യാപൃതനാണ്. ലുധിയാനയിൽ താമസിക്കുന്നതിന്നിടയിൽ- ചിലപ്പോൾ ആറാറുമാസംവരെ താമസിക്കേണ്ടിവന്നിട്ടുണ്ട്- ഒരു വലിയ ഭാഗം ആതിഥ്യം സസന്തോഷം തന്റെ ചുമതലയായി ഏറ്റെടുത്തിരുന്നു. അദ്ദേഹത്തിന്റെ കഴിവിന്നനുസരിച്ച് അദ്ദേഹം സഹതാപം കാണിക്കുന്നതിലും സേവനത്തിലും എല്ലാതരത്തിലുള്ള ദുഃഖങ്ങളിലും ഒരു കാര്യംകൊണ്ടും വ്യത്യാസം കാണിച്ചിരുന്നില്ല. അദ്ദേഹം മുമ്പേതന്നെ ആത്മാർത്ഥനും വിശുദ്ധനുമാണ്. പക്ഷേ, ഇപ്പോൾ അദ്ദേഹം കൂടുതൽ വലിച്ചടുപ്പിക്കപ്പെട്ടിട്ടുള്ളതായി ഞാൻ കാണുന്നു. സത്യത്തിന്റെ വെളിച്ചം നിസ്വാർത്ഥമായ ആത്മാർത്ഥതയിലും ദൈവസ്നേഹത്തിലും ഓരോ നിമിഷവും അദ്ദേഹത്തിന് അഭിവൃദ്ധി നല്കിക്കൊണ്ടിരിക്കുന്നു. ഈ അഭിവൃദ്ധി കാരണത്താൽ സദുദ്ദേശ്യത്തിന്റെ അവസ്ഥകളിൽ ഏറ്റവും കൂടുതൽ പരിശുദ്ധി

– ശേഷം പേജ് 7ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# കർമശാസ്ത്രപരമായ ചോദ്യങ്ങൾ

**പ്ലേഗ് ബാധിതസ്ഥലങ്ങളിൽ പോകുന്നതിൽ വിലക്ക് ബദ്ർ 05-03-2015**

ഒരാൾ ചോദിച്ചു: എന്റെ ഭാര്യയും മക്കളും പ്ലേഗ് ബാധിതപ്രദേശത്താണുള്ളത്. എനിക്ക് വല്ലാത്ത പരിഭ്രമമുണ്ട്. ഞാൻ അവിടെ പോകാനാഗ്രഹിക്കുന്നു?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: *'വലാ തുൽഖൂ ബിഅയ്ദീക്കും ഇലത്തഹ്‌ലുക്കുത്തി* (നിങ്ങളുടെ കൈകളാൽ നിങ്ങളെ നാശത്തിൽ അകപ്പെടുത്തരുത്-2:190) രാത്രിയുടെ അവസാനയാമത്തിൽ എഴുന്നേറ്റ് (തഹജ്ജുദ്) അവർക്കുവേണ്ടി ദുആ ചെയ്യുക. നിങ്ങൾ നേരിട്ട് അവിടെ പോകുന്നതിനെക്കാൾ ഇതായിരിക്കും ഉത്തമം. അത്തരം സ്ഥലങ്ങളിൽ പോകുന്നത് പാപമാണ്.' (മൽഫൂദാത്ത്, വാല്യം 2, പേജ് 203)

**ആഭരണത്തിന് സക്കാത്ത്, അനഹ്മദിയുടെ ജനാസ, അനഹ്മദിയുടെ പിന്നിൽ നമസ്കരിക്കൽ. (1902 ഏപ്രിൽ 26).**

ആഭരണത്തിന് സക്കാത്തുണ്ടോ? എന്ന് ഒരാൾ ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിന് ഉദാഹരണത്തിന് കല്യാണത്തിന് ഇരവുചോദിക്കുകയും കൊടുക്കുകയുമാണെങ്കിൽ അതിന് സക്കാത്തില്ല.'

ജമാഅത്തിൽ പെടാത്തവരുടെ ജനാസ നമസ്കരിക്കാമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അയാൾ ഈ ജമാഅത്തിന്റെ ശത്രുവോ നമ്മെ ചീത്തപറയുന്നയാളോ മോശക്കാരനായി മനസ്സിലാക്കുന്നയാളോ ആയിരുന്നെങ്കിൽ അയാളുടെ ജനാസ നമസ്കരിക്കരുത്. മൗനം പാലിക്കുന്ന ആളും മധ്യമനില കൈക്കൊണ്ടിരുന്നയാളുമായിരുന്നെങ്കിൽ അയാളുടെ ജനാസ നമസ്കരിക്കാവുന്നതാണ്; പക്ഷേ, ജനാസ നമസ്കരിപ്പിക്കുന്ന ഇമാം നിങ്ങളിൽപ്പെട്ട യാളായിരിക്കണം. ഇല്ലെങ്കിൽ നമസ്കരിക്കേണ്ട ആവശ്യമില്ല.'

ഏതെങ്കിലും സ്ഥലത്തെ നമസ്കരിപ്പിക്കുന്ന ഇമാം ഹുദൂറിനെക്കുറിച്ച് അറിയാത്ത ആളാണെങ്കിൽ അയാളുടെ പിന്നിൽ നമസ്കരിക്കാമോ?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'നിങ്ങളുടെ ഒന്നാമത്തെ കടമയാണ് അയാൾക്ക് എന്നെ പരിചയപ്പെടുത്തിക്കൊടുക്കുക എന്നത്. അയാൾ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നല്ലത്. ഇല്ലെങ്കിൽ അയാളുടെ പിന്നിൽ നമസ്കരിച്ച് നിങ്ങളുടെ നമസ്കാരം പാഴാക്കാതിരിക്കുക. സത്യപ്പെടുത്താതെയും നിഷേധിക്കാതെയും മൗനം പാലിക്കുന്ന ആളും മുനാഫിഖാണ്. അയാളുടെ പിന്നിൽ നമസ്കരിക്കരുത്.' പറഞ്ഞു: 'നിങ്ങളിൽപ്പെട്ട ആളല്ലാതിരിക്കുകയും അയാളുടെ ജനാസ നമസ്കരിക്കുന്നവരും നസ്കരിപ്പിക്കുന്നവരും അന്യരാകുകയും നിങ്ങളിൽനിന്ന് ആരെങ്കിലും ഇമാമാകുന്നത് അവരിഷ്ടപ്പെടാതിരിക്കുകയും കലഹമുണ്ടാകുമെന്ന ആശങ്കയുണ്ടാകുകയുമാണെങ്കിൽ അത് ഉപേക്ഷിച്ച് ഏതെങ്കിലും നല്ല കാര്യത്തിൽ മുഴുകുക.' (മൽഫൂദാത്ത്, വാല്യം 2, പേജ് 206)

**സേവിംഗ്സ്ബാങ്കും വ്യാപാരസംബന്ധമായ പലിശയും (1902 മെയ് 25)**

ഒരാൾ സുദീർഘമായൊരു കത്തെഴുതി ചോദിച്ചു: സേവിംഗ്സ് ബാങ്കിലെ പലിശയും മറ്റു വ്യാപാര സംബന്ധമായ പലിശകളും അനുവദനീയമാണോ? കാരണം ഇതനുവദനീയമല്ലാത്തതുകൊണ്ട് മുസ്ലിംകൾക്ക് കച്ചവടകാര്യങ്ങളിൽ വലിയ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നു?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇതൊരു ഗവേഷണപരമായ പ്രശ്നമാണ്. ഇതിന്റെ എല്ലാവശങ്ങളെക്കുറിച്ചും ചിന്തിക്കാത്തിടത്തോളം അതിൽനിന്ന് ലഭിക്കുന്ന എല്ലാത്തരം നഷ്ടങ്ങളും ലാഭങ്ങളും നമ്മുടെ മുമ്പിൽ സമർപ്പിക്കാത്തിടത്തോളം അതനുവദനീയമാണോ എന്നതിനെ സംബന്ധിച്ച് അഭിപ്രായം പറയാൻ നാം തയ്യാറല്ല. പണം സമ്പാദിക്കുന്നതിന് അല്ലാഹു ആയിരക്കണക്കിന് മാർഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മുസ്ലിംകൾ അതാണ് സ്വീകരിക്കേണ്ടത്. മറ്റുള്ളതിൽനിന്ന് മാറിനിൽക്കുക. ഈമാന്റെ ബന്ധം സ്വിറാത്തെ മുസ്തഖീമു(നേരായ മാർഗവു)മായിട്ടാണ് അല്ലാഹുവിന്റെ കല്പനകളെ പാലിക്കാതിരിക്കുന്നത് പാപമാണ്. ഉദാഹരണത്തിന് ലോകത്ത് പലിശക്കച്ചവടം ഏറ്റവുമധികം ലാഭകരമാവുകയാണെങ്കിൽ മുസ്ലിംകൾ അതു ചെയ്യുമോ? അതെ! ഇനി നമ്മൾ പലിശ വേണ്ടെന്ന് വെക്കുകയും ആ പലിശമുതൽ നമുക്ക് നാശത്തിന് കാരണമാകുമെന്ന് കാണുകയും ചെയ്താൽ അപ്പോൾ നമ്മൾ *ഫമനിള്തുർറ ഗയ്‌ര ബാഗിൻ വ്വലാ ആദിൻ* -എന്നാൽ, സ്വയം ആഗ്രഹിക്കുന്നവനും അതിരുകവിയുന്നവനുമാകാതെ വല്ലവനും നിർബന്ധിതനായാൽ-(16:116)എന്നതിന് കീഴിൽകൊണ്ടുവന്ന് അത് അനുവദനീയമെന്ന് പറയും. ഇത് സ്വന്തമായിട്ടുള്ളതോ സ്വാർത്ഥപരമായിട്ടുള്ളതോ ആയ പ്രശ്നമൊന്നുമല്ല. നാമിപ്പോൾ വലിയ വലിയ മഹത്തായ ദീനീ പരമായ കാര്യങ്ങളിലേക്ക് ശ്രദ്ധിച്ചുവരികയാണ്. നമുക്ക് ജനങ്ങളുടെ ഈമാനെക്കുറിച്ചുള്ള ചിന്തയാണുള്ളത്. ഇത്തരം നിസ്സാര കാര്യങ്ങളിലേക്ക് ഇപ്പോൾ ശ്രദ്ധിക്കാൻ പറ്റുകയില്ല. ഏറ്റവും വലിയ കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഇപ്പോൾത്തന്നെ ചെറിയ ജോലികളിൽ മുഴുകിയാൽ നമ്മുടെ ഉദാഹരണം ഈ രാജാവിനെപോലെയായിരിക്കും: രാജാവ് ഒരിടത്ത് ഒരു കൊട്ടാരമുണ്ടാക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആ സ്ഥലത്ത് വലിയ സിംഹങ്ങളും വന്യമൃഗങ്ങളും പാമ്പുകളുമുണ്ട്. ഈച്ചകളും ഉറുമ്പുകളുമുണ്ട്. രാജാവ് ആദ്യമേതന്നെ വന്യമൃഗങ്ങളേയും പാമ്പുകളേയും ശ്രദ്ധിക്കാതെയും അവയെ നശിപ്പിക്കാതെയും ഈച്ചയെ ഓടിക്കുന്നതിൽ വ്യാപൃതനായാൽ എന്തായിരിക്കും അദ്ദേഹത്തിന്റെ അവസ്ഥ? അതുകൊണ്ട് 'താങ്കൾ ആദ്യം താങ്കളുടെ ഈമാനെക്കുറിച്ച് ചിന്തിക്കാനും രണ്ടുനാല് മാസങ്ങൾ ഇവിടെവന്ന് താമസിക്കാനും അങ്ങനെ താങ്കളുടെ ബുദ്ധിയിലും മനസ്സിലും വെളിച്ചമുണ്ടാകുമെന്നും ഇത്തരം ചിന്താഗതികളിൽപെട്ടുപോകരുതെന്നും ഈ ചോദ്യകർത്താവിന് എഴുതി അറിയിക്കുക.' (മൽഫൂദാത്ത് വാല്യം 2, പേജ് 210)

**നമസ്കാരത്തിൽചൊല്ലുന്ന കാര്യങ്ങൾ അറബിയിൽത്തന്നെ ചൊല്ലേണ്ടതുണ്ടോ?**

'നമസ്കാരം സ്വന്തം ഭാഷയിൽ അനുഷ്ഠിക്കാൻ പാടുള്ളതല്ല. അല്ലാഹു ഏതു ഭാഷയിലാണോ വിശുദ്ധ ഖുർആൻ ഇറക്കിയിട്ടുള്ളത് അത് ഉപേക്ഷിച്ചുകളയരുത്. സുന്നത്താക്കപ്പെട്ട കാര്യങ്ങളും ദിക്റുകളും കഴിഞ്ഞാൽ സ്വന്തം കാര്യങ്ങൾ അല്ലാഹുവിനോടു സ്വന്തം ഭാഷയിലും ചോദിക്കാവുന്നതാണ്. പക്ഷേ, യഥാർഥ ഭാഷ ഒരിക്കലും ഉപേക്ഷിച്ചുകളയരുത്. ക്രിസ്ത്യാനികൾ യഥാർഥ ഭാഷ ഉപേക്ഷിച്ചിട്ട് എന്താണ് നേടിയത്? ഒന്നും ബാക്കിയില്ലാതായി.

**മുറുക്കാൻ, ഹുഖ്ഖ, സർദ(വാസനപ്പുകയില) തുടങ്ങിയവ:**

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഹദീഥിൽ വന്നിരിക്കുന്നു *വമിൻ ഹുസ്നിൽ ഇസ്ലാമി തർക്കു മാലാ യഅ്നീഹി* ഇസ്ലാമിന്റെ സൗന്ദര്യം എന്നു പറയുന്നത് അത്യാവശ്യമില്ലാത്തത് വിട്ടുകളയുക എന്നതാണ്. ഇപ്രകാരമാണ് ഈ മുറുക്കാൻ ഹുഖ്ഖ സർദ (വാസനപ്പുകയില) അഫ്യൂൻ തുടങ്ങിയ വസ്തുക്കൾ. ലഘുവായി പറഞ്ഞാൽ അതുപയോഗിക്കാതിരിക്കുക. കാരണം മറ്റൊരു നഷ്ടവും അതുകൊണ്ടുണ്ടാകാൻ വകയില്ലെന്ന് സങ്കല്പിച്ചാൽതന്നെയും അതിലൂടെ പരീക്ഷണം വരികയും അങ്ങനെ മനുഷ്യൻ പ്രയാസങ്ങളിൽ കുടുങ്ങിപ്പോകുകയും ചെയ്യുന്നതാണ്. ഉദാഹരണത്തിന് ജയിലിൽ പോയാൽ ഭക്ഷണം എന്തായാലും കിട്ടും. പക്ഷേ, കഞ്ചാവ്, ചരസ്, മയക്കുമരുന്നൊന്നും നല്കപ്പെടുകയില്ല. ഇനി ജയിലല്ലെങ്കിലും, ജയിലുപോലുള്ള മറ്റെവിടെയെങ്കിലുമാണെങ്കിൽത്തന്നെയും അപ്പോഴും ബുദ്ധിമുട്ടുകളുണ്ടാകും. നല്ല ആരോഗ്യത്തെ എന്തെങ്കിലും അനാവശ്യമായ കാര്യംകൊണ്ട് നഷ്ടപ്പെടുത്തിക്കളയരുത്. ശരീഅത്ത് ഉത്തമമായ വിധിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്.' പറഞ്ഞു: 'ആരോഗ്യത്തിന് ഹാനികരമായ ഈ വസ്തുക്കൾ ഈമാനും ഹാനികരമാണ്. ഇവയുടെ എല്ലാം നേതാവ് മദ്യമാണ്.'

ലഹരിപദാർത്ഥങ്ങളും മദ്യവും തമ്മിൽ ശത്രുതയുണ്ടെന്ന കാര്യം സത്യമാണ്. അഫ്യൂണിന്റെ നഷ്ടവും വളരെ വലുതാണ്. വൈദ്യശാസ്ത്രപരമായ നിലയിൽ ഇത് മദ്യത്തെക്കാൾ കഠിനമാണ്. എത്രത്തോളം ശക്തിയുമായിട്ടാണോ മനുഷ്യൻ വന്നിട്ടുള്ളത്, അവയെ നഷ്ടപ്പെടുത്തിക്കളയുന്നു.' (മൽഫൂദാത്ത് വാല്യം 2, പേജ് 219)

**അറിവ് വെളിച്ചവും അജ്ഞത മരണവുമാണ്:**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇടർച്ച എപ്പോഴും ഉണ്ടാകുന്നത് അജ്ഞന്മാർക്കാണെന്ന കാര്യം ഓർക്കുവിൻ. ശയ്ത്വാനുണ്ടായ ഇടർച്ച അറിവകൊണ്ടല്ല മറിച്ച് അജ്ഞതകൊണ്ടാണ്. അവന് അറിവുണ്ടായിരുന്നെങ്കിൽ ഇടർച്ച ഉണ്ടാകുമായിരുന്നില്ല. വിശുദ്ധഖുർആനിൽ അറിവിനെ അപലപിച്ചിട്ടില്ല. മറിച്ച് *ഇന്നമാ യഖ്ശല്ലാഹ് മിൻ ഇബാദിഹിൽ ഉലമാ* (35:29) എന്നാണുള്ളത്. 'അരമുല്ല ഈമാന് മോശം' എന്ന പഴഞ്ചൊല്ല് പ്രസിദ്ധമാണ്. എന്റെ ശത്രുക്കളെ അറിവല്ല നശിപ്പിച്ചിട്ടുള്ളത്. മറിച്ച് അജ്ഞതയാണ്. നബി(സ) തിരുമേനിയോടു പറഞ്ഞു. *ഖുൽ റബ്ബി സിദ്നീ ഇൽമാ* (20:115) അറിവ് നിസ്സാരവും ചെറുതുമായിരുന്നെങ്കിൽ, ഈ ദുആ ചെയ്യാൻ നബി(സ) തിരുമേനിയോടു പറയുമായിരുന്നില്ല.' പിന്നീട് പറഞ്ഞു: *'മൻ യ്യുഅ്ത്തൽഹിമ ക്മത്ത ഫഖദ് ഊത്തിയ ഖയറൻ കഥീറാ'* (2:270) ചുരുക്കം പറഞ്ഞാൽ, എല്ലാ സൗഭാഗ്യങ്ങളും ശരിയായ അറിവ് കരസ്ഥമാക്കുന്നതിലാണ്. എത്രത്തോളമാളുകൾ നസ്രാണികളായിട്ടുണ്ടോ അതെല്ലാം അജ്ഞതകൊണ്ടാണ്. തികഞ്ഞ അറിവുണ്ടായിരുന്നെങ്കിൽ മനുഷ്യനെ ദൈവമാക്കുമായിരുന്നില്ല.' അല്ലാഹു പറയുന്നു: നരകവാസികൾ പറയും: *'ലവ് കുന്നാ നസ്മഉ അവ് നഅ്ഖിൽ മാ കുന്നാ ഫീ അസ്ഹാബിസ്സഈർ* (67:11) *അൽ ഇൽമുൽഹിജാബുൽ അക്ബർ* എന്നു പറയുന്നവർ തെറ്റാണ് പറയുന്നത്. *അൽജഹ്‌ലു അൽ ഹിജാബുൽ അക്ബർ.* അറിവ് വെളിച്ചമാണ്. അത് മറയാകാവതല്ല. ജഹാലത്ത് (അജ്ഞത) വലിയ മറയാണ്. അല്ലാഹുവിന്റെ പേരാണ് അലീം. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. *അർറഹ്മാനു അല്ലമൽഖുർആൻ.* (55:2,3) അതുകൊണ്ടാണ് മലക്കുകൾ പറഞ്ഞത് *ലാ ഇൽമലനാ ഇല്ലാ മാ അല്ലംത്തനാ* (2:33) ചുരുക്കിപ്പറയട്ടെ, എല്ലാ വിഷങ്ങളും അജ്ഞതയിലാണെന്നത് ഓർക്കുക. അജ്ഞത തീർച്ചയായും ഒരു മരണമാണ്. അറിവിന്റെ പോരായ്മ കൊണ്ടാണ് എല്ലാ ഡോക്ടർമാർക്കും വൈദ്യന്മാർക്കും മറ്റുള്ളവർക്കും തെറ്റുപറ്റുന്നത്. പ്രവാചകന്മാർ അറിവും കൊണ്ടുവരുന്നു. ലോകത്ത് അന്ധകാരം വ്യാപിക്കുകയും സൃഷ്ടികൾ ശയ്ത്വാനായിത്തീരുകയും, അല്ലാഹുവുമായി ഒരു ബന്ധവുമില്ലാതിരിക്കുകയും ചെയ്യുമ്പോൾ അവരെ നവീകരിക്കുന്നതിനായി അല്ലാഹു തന്റെ ദാസരെ അയക്കുന്നു." (മൽഫൂദാത്ത്, വാല്യം 2, പേജ് 223)

**ലോകർക്ക് ഗുണമുള്ളവന്റെ ആയുസ്സ് നീട്ടപ്പെടുന്നു.**

'അല്ലാഹു പറഞ്ഞിരിക്കുന്നു *മാ യൻഫഉന്നാസ ഫയം കുഥുഫിൽ അർളി*(13:18) ലോകത്തിന് പ്ര

- ശേഷം പേജ് 7ൽ

# ഖുത്ബ ജുമുഅ

**നമ്മളെന്തായാലും റമളാനിന്റെ അവസാനത്തെ പത്തിലാണുള്ളത്. നബി (സ)തിരുമേനിയുടെ ഒരു നിർദേശമനുസരിച്ച് നമ്മൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റേയും പൊറുക്കലിന്റേയും പത്തുകളിലൂടെ കടന്ന് നരകത്തിൽനിന്ന് രക്ഷ നല്കുന്ന പത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ നാളുകൾ കാരുണ്യത്തിന്റേയും പൊറുക്കലിന്റെയും നരകത്തിൽനിന്നുള്ള മോചനത്തിന്റേതുമാണെന്നതിൽ സംശയമില്ല. എന്നാൽ, നമ്മൾ ഈ ദിനങ്ങളുടെ കൃപാദാനത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ചിട്ടുണ്ടോ? അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളും നിർദേശങ്ങളും നിബന്ധനയൊന്നും കൂടാതെ ഉണ്ടാകാറില്ല. അവയോടൊപ്പം ചില നിബന്ധനകളുമുണ്ടാകുന്നു. അതുകൊണ്ട് ഈ നാളുകളിലെ കാരുണ്യത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കാനും പൊറുക്കലിൽനിന്ന് ഭാഗമെടുക്കാനും നരകത്തിൽ നിന്ന് രക്ഷകിട്ടുന്നതിനും കുറച്ചു നിബന്ധനകളുണ്ട്. അവ പാലിക്കേണ്ടത് നിർബന്ധമാണ്. ദുആ സ്വീകരിപ്പിക്കണമെങ്കിൽ, 'മുഹ്സിൻ' ആകേണ്ടത് നിർബന്ധമാണ്. മുഹ്സിന്റെ ഈ അർഥങ്ങൾ മുന്നിൽ വെച്ചുകൊണ്ട് മുഹ്സിനാകേണ്ടത് നിർബന്ധമാണ്. ഇത് നിസ്സാര കാര്യമല്ല. സാധാരണ പോലുള്ള നന്മകൾ ചെയ്താൽ മനുഷ്യന് മുഹ്സിനാകാൻ പറ്റുകയില്ല. ഈ സ്ഥാനം കരസ്ഥമാക്കുന്നതിന്, തങ്ങളുടെ കർമങ്ങളെ ഉന്നത നിലവാരംവരെ കൊണ്ടു പോകേണ്ടത് നിർബന്ധമാണ്. ഈ കാരുണ്യത്തെ ആകർഷിച്ചെടുക്കാൻ ശ്രമിക്കേണ്ട ആവശ്യമാണുള്ളത്. അതെപ്പോഴും നമ്മളോടൊപ്പം ഇരിക്കുന്നതിന്; താൽക്കാലികമായ നിലയിൽ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതിനും പിന്നീട് കാലം കഴിയുന്നതിനോടൊപ്പം ആദ്യ അവസ്ഥയിലേക്ക് മടങ്ങിപ്പോകുന്നതിനും വേണ്ടിയാകരുത്. യഥാർഥ മുഹ്സിൻ എപ്പോഴും അല്ലാഹുതന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ചിന്തയിലായിരിക്കും ഉണ്ടാകുക. അല്ലാഹുതന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ബോധമുണ്ടാകുമ്പോൾ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുന്നു. അപ്പോഴാണ് മനുഷ്യൻ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നത്. ആരാണോ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നത്, അവൻ മനസ്സിന്റെ വ്യാകലതകളിൽ നിന്നും രക്ഷപ്പെടുന്നു. നമ്മൾ നബി (സ) തിരുമേനിയുടെ സത്യസ്നേഹിതനെ വിശ്വസിക്കുന്നവരാണ്. നമുക്ക് നമ്മുടെ അവസ്ഥകളിൽ മാറ്റമുണ്ടാക്കിക്കൊണ്ട്, നമ്മുടെ ഈമാനെ ഈ അവസ്ഥവരെ കൊണ്ടെത്തിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതും നമ്മുടെ കണക്കെടുത്തുകൊണ്ട് ജീവിക്കുന്നതുമായാൽ റമളാനിലെ അനുഗ്രഹങ്ങൾ എപ്പോഴും നമ്മുടെ ഉള്ളിൽ നിലകൊള്ളുന്നതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**
**2015 ജൂലായ് 10/ ഹി:ശം: 1394 വഫാ 10 മസ്ജിദ് ബയ്ത്തുൽഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ -اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് 22-ാം നോമ്പ് കഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽ 22-ാം നോമ്പ് കഴിഞ്ഞു കൊണ്ടിരിക്കുന്നു. നമ്മളെന്തായാലും റമളാനിന്റെ അവസാനത്തെ പത്തിലാണുള്ളത്. നബി(സ) തിരുമേനിയുടെ ഒരു നിർദേശമനുസരിച്ച് നമ്മൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റേയും പൊറുക്കലിന്റേയും പത്തുകളിലൂടെ കടന്ന് നരകത്തിൽനിന്ന് രക്ഷ നല്കുന്ന പത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്.(അൽജാമിഉ ലിശഅ്ബിൽ ഈമാൻ കിതാബുസ്സിയാം ബാബ് ഫളായിൽ ശഹ്റുറമളാൻ വാള്യം 5 പേര് 224 അർറുശ്ദ് പ്രസ്സ് 2004 ഹദീഥ് നമ്പർ 3336)

അല്ലാഹു നമുക്ക് ഈ അവസരം നല്കിയിട്ടുള്ളത് അവന്റെ അതിരറ്റ ഔദാര്യമാണ്. പക്ഷേ, അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു മുഅ്മിൻ അഥവാ സത്യവിശ്വാസിയുടേയും തഖ്വ കരസ്ഥമാക്കാൻ ശ്രമിക്കുന്നവന്റേയും മനസ്സിൽ അവനോടുള്ള ഭയം നിറഞ്ഞിരിക്കുന്നു. അല്ലാഹു നല്കിയിരിക്കുന്ന ഈ ദിവസവും ഈ പത്തും തനിക്ക് മോക്ഷത്തിനുള്ള മാർഗമായിത്തീർന്നിരിക്കുന്നുവെന്ന കാര്യത്തിൽ മാത്രം അവന് സന്തോഷിക്കാൻ സാധ്യമല്ല. ഈ നാളുകൾ കാരുണ്യത്തിന്റേയും പൊറുക്കലിന്റെയും നരകത്തിൽനിന്നുള്ള മോചനത്തിന്റേതുമാണെന്നതിൽ സംശയമില്ല. എന്നാൽ, നമ്മൾ ഈ ദിനങ്ങളുടെ കൃപാദാനത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ചിട്ടുണ്ടോ? അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളും നിർദേശങ്ങളും നിബന്ധനയൊന്നും കൂടാതെ ഉണ്ടാകാറില്ല. അവയോടൊപ്പം ചില നിബന്ധനകളുമുണ്ടാകുന്നു. അതുകൊണ്ട് ഈ നാളുകളിലെ കാരുണ്യത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കാനും പൊറുക്കലിൽനിന്ന് ഭാഗമെടുക്കാനും നരകത്തിൽ നിന്ന് രക്ഷകിട്ടുന്നതിനും കുറച്ചു നിബന്ധനകളുണ്ട്. അവ പാലിക്കേണ്ടത് നിർബന്ധമാണ്.

നമുക്ക് ഇക്കാര്യങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് അല്ലാഹുവിനെ തൃപ്തിപ്പെടുത്തിക്കൊണ്ട്, അവന്റെ അനുഗ്രഹങ്ങൾക്ക് പാത്രമാകാനുള്ള കാര്യങ്ങൾ അന്വേഷിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് അത് രണ്ടുതരമാണെന്ന് ചില തഫ്സീർ വ്യാഖ്യാതാക്കൾ വിവരിച്ചിട്ടുണ്ട്. അതിലൊന്ന് റഹ്മത്ത് അഥവാ കാരുണ്യത്തിന്റേതാണ്. അല്ലാഹുവിൽ നിന്ന് അത് ഔദാര്യമെന്ന നിലയിൽ ലഭിക്കുന്നതാണ്. മനുഷ്യൻ അതു കരസ്ഥമാക്കുന്നതിനു വേണ്ടി പ്രത്യേകമായ അധ്വാനമോ ശ്രമമോ നടത്തുന്നുണ്ടാകുകയില്ല. അതിന്റെ ഉദാഹരണം അല്ലാഹു പറയുന്നത് ഇങ്ങനെയാണ്. *റഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ* (7:156) എന്റെ കാരുണ്യം എല്ലാ വസ്തുക്കളേയും വലയം ചെയ്തു നില്ക്കുന്നു. അല്ലാഹുവിന്റെ ഈ കാരുണ്യത്തിൽനിന്ന് മുഴുവൻ ആളുകളും വിഹിതം എടുത്തുകൊണ്ടിരിക്കുന്നു കർമങ്ങളൊന്നും കൂടാതെ അവർക്ക് ഈ കാരുണ്യത്തിൽ നിന്ന് ഓഹരി ലഭിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിനെ കുറിച്ച് പറഞ്ഞിട്ടുള്ളത് ഇതാണ്:

'ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്, കാരുണ്യം അഥവാ റഹ്മത്ത് പൊതുവെയുള്ളതും വിശാലമാണെന്നതുമാണ്. കോപം അതായത് നീതിയുടെ സിഫത്ത് അഥവാ വിശേഷ ഗുണം എന്തെങ്കിലും പ്രത്യേകതയ്ക്കു ശേഷമാണ് ഉണ്ടാകുന്നത്. അതായത് ഈ സിഫത്ത് അഥവാ വിശേഷ ഗുണം ദൈവം നിയമം കൊണ്ട് പ്ലാൻ ചെയ്തതിനു ശേഷമാണ് അതിന്റെ കടമയുണ്ടാകുന്നത്. ഇതിനുവേണ്ടി ആദ്യം ദൈവനിയമം ഉണ്ടാകേണ്ടത് നിർബന്ധമാണ്. ദൈവനിയമത്തെ ലംഘിക്കുന്നതുകൊണ്ട് പാപം ഉണ്ടാകുന്നു. പിന്നീടാണ് ഈ സിഫത്ത് അഥവാ വിശേഷ ഗുണം വെളിച്ചത്തു വരികയും അതിന്റെ ആഗ്രഹം പൂർത്തിയാക്കാൻ ഇച്ഛിക്കുന്നതും.'(ജങ്കെ മുഖദ്ദസ് റൂഹാനീ ഖസായിൻ വാള്യം 6 പേജ് 207)

അല്ലാഹു തന്റെ ദാസരുടെമേൽ ദയാലുവാണ്. അവരുടെമേൽ കരുണചെയ്യുന്നു. പക്ഷേ, ദൈവികനിയമത്തെ ലംഘിക്കുമ്പോൾ മനുഷ്യകോപത്തിനോ ശിക്ഷയ്ക്കോ പാത്രമാകുന്നു. ചെറിയ ചെറിയ തെറ്റുകൾ അല്ലാഹു മാപ്പ് ചെയ്തുകൊണ്ട് പോകാറുണ്ട്. എന്നാൽ, അത് അതിരുകടക്കാൻ തുടങ്ങുമ്പോൾ പിന്നീട് അല്ലാഹുവിന്റെ നീതി എന്ന ഗുണമോ മറ്റു ഗുണമോ പ്രവർത്തിക്കുന്നു. പക്ഷേ, പൊതുവേ അല്ലാഹുവിന്റെ കാരുണ്യം എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുകയാണ്. ചിലപ്പോൾ നീതിയേയോ മറ്റു ദൈവിക നിയമത്തേയോ ലംഘിക്കുന്നതുകൊണ്ടും ശിക്ഷ കിട്ടാം. എന്നാൽ, അല്ലാഹു എന്നിട്ടും കരുണചെയ്തുകൊണ്ട് പൊറുത്തുകൊടുക്കുന്നു. ഈ അവസ്ഥ മുഅ്മിനീംങ്ങൾക്ക് വേണ്ടിയുള്ളതല്ലെന്നത് ഓർക്കേണ്ടതാണ്. യഥാർഥ മുഅ്മിനീംങ്ങളുടെ സ്ഥാനം മറ്റൊന്നാണ്. ഈമാനാഗ്രഹിക്കുന്നത് ഈ ഈമാനികാവസ്ഥയെ ശരിയായി വെക്കുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കുകയും ചെയ്യുക എന്നാണ്. എല്ലാ പരിശ്രമങ്ങളുമുണ്ടായിട്ടും ഏതെങ്കിലും മാനുഷികമായ ബലഹീനത കാരണത്താൽ പാപം ചെയ്തുപോയാൽ യഥാർഥ ഈമാൻ അവനുണ്ടെങ്കിൽ അല്ലാഹുവിന്റെ റഹ്മത്ത് ആ പാപത്തെ പൊതിഞ്ഞെടുക്കുന്നതാണ്. ഏതോ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നതുപോലെ മനുഷ്യൻ പാപം ചെയ്യുന്നതിൽ

തന്റേടം കാണിച്ചുകൊണ്ടുപോകുകയും അല്ലാഹുവിന്റെ കാരുണ്യം വളരെ വിശാലമാണ്, ഒരു പ്രശ്നവുമില്ല എന്നൊക്കെ പറഞ്ഞു നടക്കുകയുമാണെങ്കിൽ അത്തരം കാര്യങ്ങൾ അല്ലാഹുവിന്റെ കോപത്തെ ജ്വലിപ്പിക്കുന്നതായിരിക്കും. അല്ലാഹു എങ്ങനെയാണ് അവന്റെ കോപത്തെ പൊതിഞ്ഞെടുക്കുന്നതെന്ന കാര്യം വ്യക്തമാക്കിക്കൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ശിക്ഷയെ സംബന്ധിച്ചുള്ള മുന്നറിയിപ്പിൽ വാസ്തവത്തിൽ ഒരു വാഗ്ദാനവുമുണ്ടാകുകയില്ല. കേവലം ഇത്രമാത്രമാണുണ്ടാവുക, അതായത് അല്ലാഹു തന്റെ പവിത്രത കാരണത്താൽ, കുറ്റവാളിക്കു ശിക്ഷകൊടുക്കാൻ ആഗ്രഹിക്കുന്നു. ചില ഘട്ടങ്ങളിൽ ഈ ആഗ്രഹത്തെ കുറിച്ച് ദൈവപ്രബുദ്ധന് അറിയിപ്പും നല്കുന്നു. പിന്നീട് കുറ്റവാളി പശ്ചാത്താപവും പൊറുക്കലിനെ തേടലും വിനയവും വിലാപവും കൊണ്ട് ഈ ആഗ്രഹത്തോടുള്ള കടമ പൂർത്തിയാക്കുമ്പോൾ ദൈവിക കാരുണ്യത്തിന്റെ തേട്ടം കോപത്തിന്റെ തേട്ടത്തിനുമേൽ മുന്നേറിപ്പോകുന്നു. ചില ഘട്ടങ്ങളിൽ അറിയിപ്പും ഉണ്ടാകുന്നു. ശിക്ഷയും കിട്ടുന്നു. വിധി ഉണ്ടാകുന്നു. തീരുമാനമുണ്ടാകുന്നു. പക്ഷേ, ആരെ കുറിച്ചാണോ തീരുമാനമുണ്ടായത്, അവൻ തൗബ ചെയ്യുമ്പോൾ, ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ, പിന്നീട് ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നു.’ പറഞ്ഞു: ‘ദൈവകാരുണ്യത്തിന്റെ തേട്ടം കോപത്തിന്റെ തേട്ടത്തിന്റെ മേൽ മുന്നേറിപ്പോകുന്നു. കോപത്തെ തന്റെ ഉള്ളിൽ മറച്ചുവെക്കുകയും ഒളിപ്പിച്ചുവെക്കുകയും ചെയ്യുന്നു. അതിനുമേൽ മറയിട്ടുവെക്കുന്നു. അല്ലാഹു മാപ്പാക്കുന്നു. ഇതേ അർഥമാണ് ഈ ആയത്തിന്റേത്. *അദാബീ ഉസീബു ബിഹീ മൻ അശാഉ വ റഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ* (7:156)യഅ്നീ റഹ്മത്തീ സബഖത്ത് ഗളബീ”(തുഹ്ഫ ഗസ്നവിയ്യ റൂഹാനീ ഖസായിൻ വാള്യം 15 പേജ് 537).

(അല്ലാഹു പറയുന്നു:) എന്റെ കോപത്തിനുമേൽ എന്റെ കാരുണ്യം വലയം ചെയ്തിരിക്കുന്നു.

കുറ്റവാളികൾക്കും അവരുടെ തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് അല്ലാഹു പൊറുത്തു കൊടുക്കുന്നു. അതു വളരെ വർധിച്ചിട്ടുള്ളവർക്ക് ശിക്ഷ വിധിക്കപ്പെടുന്നു. അവർക്കും അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്.

അവിടന്ന് പറഞ്ഞു: ‘ശിക്ഷ നിർബന്ധമായ കുറ്റവാളികൾക്കും, അവർ വിലപിക്കുമ്പോൾ അല്ലാഹു പൊറുത്തുകൊടുക്കുന്നു. എന്നല്ല, ചിലരുടെ മേലുണ്ടാകാൻ പോകുന്ന ശിക്ഷയെ കുറിച്ച് തന്റെ ദൂതന് അറിയിച്ചു കൊടുക്കുകയും ചെയ്യുന്നു. ഞാൻ പറഞ്ഞതുപോലെ എങ്കിലും കുറ്റവാളിയുടെ വിലാപം, അവന്റെ കേഴൽ, അവന്റെ നിലവിളി, അവന്റെ ഇസ്തിഗ്ഫാർ അല്ലാഹുവിന്റെ കാരുണ്യത്തെ വലിച്ചെടുക്കുന്നു. എന്തായാലും തുടക്കത്തിൽത്തന്നെ ദൈവനിയമത്തെ ലംഘിക്കുക എന്നതും പിന്നീട് വിലപിച്ചപേക്ഷിക്കുക എന്നതും അതിനുശേഷം കാരുണ്യം അന്വേഷിക്കുക എന്നതും മുഅ്മിന്റെ പദവിക്കു ചേർന്നതല്ല. മുഅ്മിനീംകളെ കുറിച്ച് മറ്റുദാഹരണങ്ങളുമുണ്ട്. രണ്ടാമത്തെ തരത്തിലുള്ള കാരുണ്യം കർമങ്ങളോടൊപ്പം നിബന്ധന വെക്കപ്പെട്ടിട്ടുള്ളതാണ്. അതിന്റെ വാഗ്ദാനം സൽക്കർമം ചെയ്യുന്നവരോടും തഖ്വയിൽ നടക്കുന്നവരോടുമാണ്. അല്ലാഹു പറയുന്നു. *ഇന്ന റഹ്മത്തല്ലാഹി ഖരീബുൻമിനൽ മുഹ്സിനീൻ* (7:56) അതായത് തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം നന്മ ചെയ്യുന്നവരോടടുത്താണ്.

‘മുഹ്സിൻ’ എന്നതിന്റെ അർഥം മറ്റുള്ളവരോടു നല്ലനിലയിൽ പെരുമാറുന്നവനെന്നാണ്. തഖ്വയിൽ നടക്കുന്നവനെന്നാണ് അറിവുള്ളവനെന്നാണ്. അല്ലാഹുവിൽനിന്ന് നല്കപ്പെട്ടിട്ടുള്ള എല്ലാ നിബന്ധനകളോടുംകൂടി ജോലി പൂർത്തിയാക്കുന്നവനെന്നാണ്. അതുകൊണ്ട് മനഃപൂർവം പാപം ചെയ്യാത്തവരുടെ അടുത്താണ് അല്ലാഹുവിന്റെ കാരുണ്യമുള്ളതെന്ന് അല്ലാഹു പറയുന്നു. അവർ തങ്ങളുടെ പാപങ്ങളുടെ ശിക്ഷ ഭയന്ന് എപ്പോഴും അല്ലാഹുവിനെ വിളിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ പാപങ്ങളുടെ ശിക്ഷ ഭയന്ന് അവന്റെ ഓർമ എപ്പോഴും മനസ്സിൽ വെച്ചുകൊണ്ടിരിക്കുന്നു. മനഃപൂർവം പാപം ചെയ്യാത്തവർ എന്നല്ല അറിയാതെ എന്തെങ്കിലും പാപം ഉണ്ടായാൽത്തന്നെ ഭക്തി അവലംബിച്ചുകൊണ്ട് അല്ലാഹുവിനെ വിളിച്ചാൽ അല്ലാഹുവിന്റെ കാരുണ്യം അവരിൽ ഇറങ്ങുന്നതാണ്. അവരുടെ ദു:ആകൾ സ്വീകരിക്കപ്പെടുന്നു. അല്ലാഹു ദു:ആകൾ സ്വീകരിക്കുന്നുവെന്നത് അവന്റെ പ്രത്യേക കാരുണ്യമാണ്. ഇതിൽ ഒരു ബലാല്ക്കാരവുമില്ല. അവൻ തീർച്ചയായും നമ്മുടെ ദുആകൾ സ്വീകരിച്ചുകൊളളണമെന്ന് പറഞ്ഞ് നിർബന്ധിക്കാനും പറ്റുകയില്ല.

അതുകൊണ്ട് ദുആ സ്വീകരിപ്പിക്കണമെങ്കിൽ, ‘മുഹ്സിൻ’ ആകേണ്ടത് നിർബന്ധമാണ്. മുഹ്സിന്റെ ഈ അർഥങ്ങൾ മുന്നിൽവെച്ചുകൊണ്ട് മുഹ്സിനാകേണ്ടത് നിർബന്ധമാണ്. ഇത് നിസ്സാരകാര്യമല്ല. സാധാരണ പോലുള്ള നന്മകൾ ചെയ്താൽ മനുഷ്യന് മുഹ്സിനാകാൻ പറ്റുകയില്ല. ഈ സ്ഥാനം കരസ്ഥമാക്കുന്നതിന്, തങ്ങളുടെ കർമങ്ങളെ ഉന്നതനിലവാരംവരെ കൊണ്ടു പോകേണ്ടത് നിർബന്ധമാണ്. നബി(സ) തിരുമേനി ‘മുഹ്സിൻ’ എന്നതിന്റെ നിർവചനം പറഞ്ഞിരിക്കുന്നു. അതു മനുഷ്യൻ നോക്കുകയാണെങ്കിൽ തങ്ങളുടെ ആരാധനകളുടെ അവസ്ഥ ഇതാണോ എന്നോർത്ത് ഭയംകൊണ്ട് വെപ്രാളപ്പെട്ടുപോകും. ഏതു ജോലി ചെയ്യുമ്പോഴും ചെയ്തുകൊണ്ടിരിക്കുമ്പോഴും നബി(സ)തിരുമേനി നിർവചിച്ച ആ അവസ്ഥയാണോ നമ്മുടേത് എന്ന് നോക്കുക. അവിടന്ന് പറഞ്ഞു: ‘മുഹസിൻ’ അല്ലാഹു തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിലായിരിക്കും ഓരോ ജോലിയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കാര്യം ഓർമവെക്കുക. അല്ലെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹു അവനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ബോധമെങ്കിലും ഉണ്ടാകും.

അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിൽ ഓരോ നന്മയും ചെയ്യുന്നവനാണ് മുഹ്സിൻ. അല്ലെങ്കിൽ കുറഞ്ഞ പക്ഷം അല്ലാഹു അവനെ കണ്ടു കൊണ്ടിരിക്കുന്നു എന്ന വിചാരമെങ്കിലും അവനുണ്ടാകണം. (സ്വഹീഹ് ബുഖാരി, കിതാബുൽ ഈമാൻ ഹദീഥ് നമ്പർ 50).

ഈ അവസ്ഥ നമ്മുടെ ആരാധനകളിലും മറ്റു ജോലികൾ ചെയ്യുമ്പോഴും ഉണ്ടെങ്കിൽ ഒരിക്കലും തെറ്റായ ജോലികൾ ഉണ്ടാകുകയില്ല. തഖ്വയിൽനിന്ന് നമ്മൾ വ്യതിചലിച്ചു പോകുകയുമില്ല. മറ്റുള്ളവരോടു മോശമായി പെരുമാറാനും സാധിക്കുകയില്ല. മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കാനും കഴിയില്ല. എന്നല്ല ആർക്കെങ്കിലും നഷ്ടം വരുത്തണമെന്നോ അവന്റെ അവകാശം കൈക്കലാക്കണമെന്നോ ഉള്ള വിചാരംപോലും ഉണ്ടാകുകയില്ല. അതുകൊണ്ട് ഇസ്ലാമിന്റെ കല്പനകൾ എന്നു പറയുന്നത് ഏതുഭാഗത്തുനിന്നാണെങ്കിലും അവ നടപ്പാക്കാൻ തുടങ്ങുകയോ അല്ലാഹുവിന്റെ ഏതെങ്കിലും കല്പന പൂർത്തിയാക്കുകയോ അവന്റെ റസൂലിന്റെ ഏതെങ്കിലും കല്പനയോ നിർദേശമോ നോക്കുകയോ ചെയ്താൽ അവയെല്ലാം ചുറ്റിവളഞ്ഞ് നമ്മളെ ഏതു ഭാഗത്തേക്കാണോ കൊണ്ടുപോകുന്നത് അവിടെയാണ് അല്ലാഹുവിനോടും മനുഷ്യരോടുമുള്ള കടമകളുടെ നിർവഹണമുണ്ടാകുന്നത്. നമ്മുടെ ദു:ആകൾ സ്വീകരിക്കപ്പെടണമെന്നും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അനന്തരാവകാശിയാകണമെന്നും അവന്റെ പാത്രമാകണമെന്നും നമ്മൾ ഒരുപാട് ആഗ്രഹിക്കാറുണ്ട്. പക്ഷേ, അത് കരസ്ഥമാക്കുന്നതിനുവേണ്ടി നമ്മൾ ആ സ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കുന്നില്ല. അല്ലെങ്കിൽ നമ്മളിൽ ഭൂരിഭാഗവും ശ്രമിക്കുന്നില്ല. അല്ലെങ്കിൽ ഒരു മുഅ്മിൻ ചെയ്യേണ്ടതുപോലെ മുടങ്ങാതെ പരിശ്രമിക്കുന്നില്ല. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പത്തിലൂടെയാണ് കടന്നുപോകുന്നതെന്നോർത്ത് നമ്മൾ സന്തോഷിക്കുന്നു. എന്നാൽ, ഈ കാരുണ്യം കരസ്ഥമാക്കാൻ നമ്മൾ എന്താണ് ചെയ്തതെന്നോ ചെയ്യേണ്ടതെന്നോ നമ്മൾ ചിന്തിക്കുന്നില്ല. പ്രത്യേകകുറ്റം കാരണത്താലോ ചിലകുറ്റങ്ങൾ കാരണത്താലോ ഒരുവനു കിട്ടേണ്ടതായിട്ടുള്ള ശിക്ഷയിൽനിന്ന് താല്ക്കാലികമായി വിലപിച്ച് അല്ലാഹുവിന്റെ കാരുണ്യത്തെ കരസ്ഥമാക്കിയ പാപികളേയും കുറ്റവാളികളേയുംപോലെ നമ്മൾ ഇരിക്കണോ? അതോ എപ്പോഴും തഖ്വയിൽനിലകൊള്ളുമെന്നും മറ്റുള്ളവരോട് എപ്പോഴും നന്മ പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നവരും റമളാനെ തങ്ങളുടെ ഉള്ളിൽ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള സ്ഥിരമായ മാർഗമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും മാർഗമാക്കുകയും ചെയ്യുന്ന മുഹ്സിനീംങ്ങളിൽപ്പെട്ട് നമ്മുടെ ജീവിതത്തെ വാർത്തെടുക്കുന്നവരാകണോ?

അതുകൊണ്ട് ഈ കാരുണ്യത്തെ ആകർഷിച്ചെടുക്കാൻ ശ്രമിക്കേണ്ട ആവശ്യമാണുള്ളത്. അതെപ്പോഴും നമ്മളോടൊപ്പം ഇരിക്കുന്നതിന്; താൽക്കാലികമായ നിലയിൽ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതിനും പിന്നീട് കാലം കഴിയുന്നതിനോടൊപ്പം ആദ്യ അവസ്ഥയിലേക്ക് മടങ്ങിപ്പോകുന്നതിനും വേണ്ടിയാകരുത്. ‘റഹ്മത്ത്’ എന്ന ഒരൊറ്റ വാക്കിൽ നബി(സ) തിരുമേനി നമ്മുടെ ജീവിതത്തിന് പ്രവർത്തന രൂപരേഖയുടെ ഒരു ഖജനാവ് നല്കിയിരിക്കുകയാണ്. അതായത് റമളാനിലെ ആദ്യത്തെ പത്ത് ദിവസം ആ റഹ്മത്ത് അന്വേഷിക്കുക. ഈ കാരുണ്യം അന്വേഷിച്ചു കഴിഞ്ഞാൽ, ഇത് നമുക്ക് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണമെന്ന് പ്രതിജ്ഞ ചെയ്യുക. ഒരു മുഅ്മിന് 10 ദിവസത്തെ തർബിയ്യത്ത് കഴിഞ്ഞാൽ പിന്നീട് അടുത്ത വഴി കാണിക്കും. പക്ഷേ, ശയ്ത്വാൻ എപ്പോഴും നമ്മുടെ കൂടെത്തന്നെയുണ്ട്. അവൻ അവന്റെ ജോലിത്തിരക്കിലാണുള്ളത്. വഴിതെറ്റിക്കാനുള്ള ജോലിയിൽ വ്യാപൃതനാണ്. നന്മകളിൽ നിന്ന് ദൂരത്താക്കുന്ന ജോലിയിൽ മുഴുകിയിരിക്കുകയാണ്. അതു കൊണ്ട് ഈ കാരുണ്യം കരസ്ഥമാക്കിയതിനു ശേഷം, അതിൽ ഉറച്ചു നില്ക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ട്. ഈ സഹായം കരസ്ഥമാക്കുന്നതിന് നമ്മൾ ഏതു മാർഗമാണ് സ്വീകരിക്കേണ്ടത്. പറഞ്ഞു, നിങ്ങളുടെ കർമം സ്ഥിരമായിട്ടുള്ളതാകാൻ അടുത്ത പത്തുദിവസം വീണ്ടും അല്ലാഹുവിന്റെ ഈ സഹായവും ശക്തിയും അന്വേഷിക്കുക. ആ ശക്തിയാണ് ഇസ്തിഗ്ഫാർ. അവിടന്ന് പറഞ്ഞു, രണ്ടാമത്തെ പത്ത് പൊറുക്കലിന്റേതാണ്. മുമ്പേ പറഞ്ഞതുപോലെ ഗതിമുട്ടിയവന്റെ പാപങ്ങൾ പൊറുത്തുകൊണ്ട് അവനെ അല്ലാഹു തന്റെ മഗ്ഫിറത്തിന്റെ(പൊറുക്കലിന്റെ)വിരിപ്പിൽ പൊതിഞ്ഞെടുക്കുന്നു. അവന്റെ മേൽ കരുണയും അനുഗ്രഹവും ചൊരിയുന്നു. എന്നാൽ, ഈ സത്താരിയത്തി(തെറ്റുകൾ മറച്ചുവെക്കുക)നേയും കാരുണ്യത്തേയും തന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നവനാണ് മുഅ്മിൻ. അതിന്റെ പ്രകടനം അവന്റെ ആരാധനയിൽനിന്നും മറ്റു കർമങ്ങളിൽനിന്നും സ്ഥിരമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടുണ്ടാകണം. തന്റെ കർമങ്ങളിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ടുണ്ടാകണം. ഇങ്ങനെ ഉണ്ടായാൽ അല്ലാഹുവിന്റെ മഗ്ഫിറത്ത് നമ്മെ പൊതിഞ്ഞ് എടുത്തുകൊണ്ടുപോകുന്നതാണ്. അവന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നമ്മളിൽ തുറന്നുകൊണ്ടുപോകുന്നതാണ്. ഇതുണ്ടാകുമ്പോൾ നമുക്ക് നന്മകളിൽ നിലനില്ക്കാനുള്ള തൗഫീഖ് അല്ലാഹു തന്നുകൊണ്ടേപോകുന്നതായിരിക്കും.

ഒരു മുഅ്മിനെ സംബന്ധിച്ചിടത്തോളം മഗ്ഫിറത്തിന്റെ യാഥാർഥ്യമെന്താണ്? അത് കരസ്ഥമാക്കാൻ എന്തു മാർഗമാണ് സ്വീകരിക്കേണ്ടത്? എങ്ങനെയാണ് ഇസ്തിഗ്ഫാർ ചെയ്യേണ്ടത്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സ്ഥലത്ത് പറയുന്നു:

“ഇസ്തിഗ്ഫാറിന്റെ യഥാർഥവും അടിസ്ഥാന പരവുമായ അർഥം ഇതാണ്: മാനുഷികമായ ഒരു ദൗർബല്യവും വെളിച്ചത്താക്കരുതേ എന്ന് അല്ലാഹുവിനോടു അപേക്ഷിക്കുക. അല്ലാഹു ജന്മനായുള്ള വാസനയെ തന്റെ ശക്തികൊണ്ട് സഹായിക്കുക. തന്റെ തുണയുടേയും സഹായത്തിന്റേയും വൃത്തത്തിനുള്ളിൽ എടുക്കുക. ഈ പദം ഗഫറ യിൽനിന്നെടുക്കപ്പെട്ടിട്ടുള്ളതാണ്. പൊതിയുന്നതിനാണ് ഗഫറ എന്ന് പറയുന്നത്. അതുകൊണ്ട് ഇതിന്റെ അർഥം അല്ലാഹു അവന്റെ ശക്തിയോടുകൂടി പാപിയായ വ്യക്തിയുടെ സ്വാഭാവികമായ ദൗർബല്യങ്ങളെ പൊതിഞ്ഞുവെക്കുക എന്നാണ്. പൊറുക്കലിനെ തേടുന്നവന്റെ പ്രകൃതിപരമായ ദൗർബല്യങ്ങളെ പൊതിഞ്ഞു വെക്കുക. സ്ഥിരമായുള്ള ഇസ്തി

ഗ്ഫാർ(പൊറുക്കലിനെതേടൽ)കൊണ്ട് അല്ലാഹു പൊതിഞ്ഞു വെക്കുകയും ചെയ്യുന്നു. പറഞ്ഞു: 'പക്ഷേ, അടിസ്ഥാനപരവും യഥാർഥവുമായ അർഥം അല്ലാഹു അവന്റെ ദൈവശക്തിയോടുകൂടി ഇസ്തിഗ്ഫാർ ചെയ്യുന്നവന് പ്രകൃതിപരമായ ദൗർബല്യങ്ങളിൽനിന്ന് രക്ഷിക്കുകയും തന്റെ ശക്തികൊണ്ട് ശക്തി പകരുകയും തന്റെ അറിവുകൊണ്ട് അറിവു നല്കുകയും തന്റെ പ്രകാശംകൊണ്ട് പ്രകാശം നല്കുകയും ചെ യ്യുക എന്നതാണ്. കാരണം അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച് അവനിൽനിന്ന് വേറിട്ട് പോയില്ല. പ്രത്യുത അവൻ മനുഷ്യന്റെ സ്രഷ്ടാവെന്നപോലെ അവന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ കഴിവുകളേയും സൃഷ്ടിച്ചവനാണ്. അതുപോലെത്തന്നെ മനുഷ്യനെ നിലനിറുത്തുന്നവനുമാണ്. അതായത് എന്തൊന്നാണോ സൃഷ്ടിച്ചിട്ടുള്ളത് അതിനെ പ്രത്യേകമായ തന്റെ സംരക്ഷണം കൊണ്ട് സുരക്ഷിതമാക്കിവെക്കുന്നവനുമാണ്. അല്ലാഹു എന്തൊന്നാണോ സൃഷ്ടിച്ചത് ഏതുപോലെയാണോ സൃഷ്ടിച്ചത് അതിനെ തന്റെ പ്രത്യേകമായ സഹായത്താൽ സുരക്ഷിതമാക്കിവെക്കുന്നവനുമാണ്. അവൻ എല്ലാത്തിനേയും നിലനിറുത്തുന്നവനുമാണ്. അല്ലാഹുവിന്റെ പേര് 'ഖയ്യൂം' എന്നുമുണ്ട്. അതായത് തന്റെ സഹായത്താൽ സൃഷ്ടികളെ നിലനിറുത്തുന്നവൻ. അതിനാൽ മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടികർത്തൃത്വംകൊണ്ട് ഉണ്ടായതുപോലെ, അവൻ തന്റെ സൃഷ്ടിപ്പിന്റെ ചിത്രത്തെ അല്ലാഹുവിന്റെ 'ഖയ്യൂമിയ്യത്ത്' (എല്ലാത്തിനേയും നിലനിറുത്തുന്ന അവസ്ഥ) മുഖേന വഴിതെറ്റുന്നതിൽനിന്ന് രക്ഷിക്കേണ്ടതും അവന് നിർബന്ധമായി വരുന്നു."(ഇസ്മത്തെ അമ്പിയാ റൂഹാനീ ഖസായിൻ വാല്യം 18 പേജ് 671)

അതുകൊണ്ട് മനുഷ്യന് ഒരു സ്വാഭാവികമായ ആവശ്യമുണ്ടായിരുന്നു. അതിനു വേണ്ടിയാണ് ഇസ്തിഗ്ഫാർ ചെയ്യാനുള്ള നിർദേശം. ഈ വഴി തെറ്റുന്നതിൽ നിന്ന് രക്ഷപ്പെടുന്നതിന്, അല്ലാഹുവിന്റെ ഖയ്യൂമിയ്യത്തിൽനിന്ന് ഓഹരിയെടുക്കുന്നതിനുവേണ്ടി സ്വന്തം ആത്മീയമായ അവസ്ഥയെ എന്നെന്നേക്കുമായി നിലനിറുത്തുന്നതിന് എന്താണ് ചെയ്യേണ്ടത്? അല്ലാഹു പറയുന്നു: 'ഇസ്തിഗ്ഫാർ ചെയ്യുക.'

അതിനാലാണ് അവന്റെ റഹ്മത്തിൽനിന്ന് സ്ഥിരമായി ഓഹരി എടുക്കുന്നതിന് ഈ റൂഹിനെ മുന്നിൽ വെച്ചുകൊണ്ട് റമളാനിൽ ഇസ്തിഗ്ഫാർ ചെയ്യാനും പൊറുക്കലിനെ തേടാനും പറഞ്ഞിട്ടുള്ളത്. ഈ ദിനങ്ങളിൽ പ്രത്യേകം ദയാലുവായിത്തീരുന്ന അല്ലാഹു, തന്റെ ദാസരിൽ അവന്റെ കാരുണ്യത്തിന്റെ രണ്ടു അനുഗ്രഹങ്ങളും ചെയ്തു വരുന്നുണ്ട്. ഒന്നു പൊതുവായ അനുഗ്രഹം. അതിൽനിന്ന് മുഅ്മിനും മുഅ്മിനല്ലാത്തവനുമെല്ലാം വിഹിതമെടുക്കുന്നു. ഒന്നു പ്രത്യേകമായ അനുഗ്രഹം. അത് മുഹ്സിനീംകൾക്ക്, സൽക്കർമികൾക്ക് പ്രത്യേകമാക്കപ്പെട്ടിട്ടുള്ളതാണ്. അതായത് സൽക്കർമികൾക്ക് പ്രത്യേകമാക്കപ്പെട്ടിട്ടുള്ള അനുഗ്രഹത്തിൽ നിന്ന് നമ്മൾ വിഹിതമെടുക്കുന്നവരാകുന്നതിനും നന്മകൾ അനുഷ്ഠിക്കുന്നതിന് ശക്തിയുണ്ടാകുന്നതിനും ഒരു മുഅ്മിൻ പരിശ്രമിക്കുന്നതിനോടൊപ്പം ഇസ്തിഗ്ഫാർ കൊണ്ട്, അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്ന് പ്രകാശമെടുക്കുകയും അല്ലാഹുവിന്റെ ശക്തിയിൽ നിന്ന് കരുത്താർജിക്കുകയും വേണം; അല്ലാഹുവിന്റെ പ്രകാശം ലഭിക്കാതെ അന്ധകാരങ്ങളിൽ ഒരിക്കലും തപ്പിത്തടയുന്നവരാകാതിരിക്കാൻ! അല്ലെങ്കിൽ അല്ലാഹുവിന്റെ ശക്തിയിൽ നിന്ന് അനുഗ്രഹം കിട്ടാതെ ശയ്ത്വാന്റെ സഞ്ചിയിൽ ചെന്ന് വീഴാതിരിക്കാൻ! കാരണം അല്ലാഹുവിന്റെ ശക്തി കൂടെയില്ലെങ്കിൽ ശയ്ത്വാന്റെ ആക്രമണം വലിയ കഠിനമായിരിക്കും. അങ്ങനെ അവൻ പെട്ടെന്ന് ശയ്ത്വാന്റെ കൈയ്യിൽ അകപ്പെടുന്നു. അതുകൊണ്ട് അല്ലാഹുവിൽനിന്ന് ശക്തി സംഭരിക്കുന്നതിനും ശയ്ത്വാനിൽനിന്നും എപ്പോഴും രക്ഷപ്പെട്ടിരിക്കുന്നതിനും ഇസ്തിഗ്ഫാർ ചെയ്യേണ്ടത് വളരെ ആവശ്യമാണ്.

പറഞ്ഞു: 'മനുഷ്യൻ പ്രകൃതിപരമായി ബലഹീനനാണ്. ആ ബലഹീനതയിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ ശക്തിയിൽനിന്ന് ശക്തിയാർജിക്കുന്നതിനും ഇസ്തിഗ്ഫാർ നിർബന്ധമാണ്.'

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു: മനുഷ്യന് തന്റെ നന്മകളിൽ ഉറച്ചു നില്ക്കുന്നതിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും കാരുണ്യത്തേയും തന്റെമേൽ എപ്പോഴും നിലനിറുത്തുന്നതിനുംവേണ്ടി അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ട്. അതു കൂടാതെ നമുക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല. അല്ലാഹു തന്റെ പേര് 'ഖയ്യൂം' എന്ന് വെച്ചുകൊണ്ട് ഈ ഭാഗത്തേക്കാണ് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത് അവന്റെ സിഫത്ത് അഥവാ വിശേഷ ഗുണമാണിത്. അതായത് നന്മകൾ തുടർന്നുകൊണ്ടുപോകുന്നതിന്, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും പൊറുക്കലിൽ നിന്നും എപ്പോഴും വിഹിതമെടുക്കുന്നതിനും അല്ലാഹുവിന്റെ സഹായം വേണം. അല്ലാഹുവിന്റെ വിശേഷഗുണമായ 'ഖയ്യൂമിയ്യത്ത്' ഇതാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ഏതെങ്കിലും കാര്യം എപ്പോഴും തുടർന്നു കോണ്ടുപോകണമെങ്കിൽ, നിലനിറുത്തണമെങ്കിൽ നിങ്ങൾക്കെന്തായാലും എന്റെ സഹായം ആവശ്യമുണ്ട്. എന്റെ അടുത്തേക്കു വരിക. അതിനാൽ ഈ സഹായത്തെ ഒരിക്കലും ഉപേക്ഷിക്കരുതെന്ന് അല്ലാഹു പറയുന്നു. അത് എന്നെന്നും നിലനില്ക്കുന്നതാണ്. അല്ലാഹു എന്നെന്നും നിലനില്ക്കുന്നവനാണ്. നിലനിറുത്തുന്നവനാണ്. ഏറ്റവും ശക്തമായ സഹായിയുമാണ്.

ഇടയ്ക്കത്തെ പത്ത് പാപപൊറുതിയുടേതാണ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അതിൽ ചെയ്യാവുന്നത്ര ഇസ്തിഗ്ഫാർ ചെയ്താൽ നിങ്ങളുടെ ഉദ്ദേശ്യം പ്രാപിക്കുമെന്നല്ല. ഇക്കാര്യം മനസ്സിലാക്കേണ്ടതാണ്. നേരെമറിച്ച് നബി(സ)തിരുമേനി നമ്മളോടു പറഞ്ഞു, റമളാൻ വരികയും അല്ലാഹു തന്റെ ദാസരുടെ അടുത്താകുകയും നിങ്ങളുടെ ശ്രദ്ധ നോമ്പിലേക്കും ദുആകളിലേക്കുമുണ്ടാകുകയും ചെയ്തു. ഇനി നിങ്ങളുടെ നന്മകൾ തുടർന്നുകൊണ്ടുപോകാനും അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് സ്ഥിരമായി വിഹിതം ലഭിച്ചുകൊണ്ടിരിക്കാനും നിങ്ങളുടെ സ്വാഭാവികമായ ദൗർബല്യങ്ങളിൽനിന്ന് രക്ഷപ്പെടാനും അല്ലാഹുവിന്റെ തിരുസന്നിധിയിൽ പാപപ്പൊറുതി തേടിക്കൊണ്ട് അവന്റെ അഭയത്തിൽ വരിക. അത് സുസ്ഥിരമാക്കി നിറുത്താൻ ശ്രമിക്കുക. നമ്മളിൽ ഭൂരിപക്ഷവും ഈ ചിന്തയോടുകൂടി അല്ലാഹുവിനോട് പാപപ്പൊറുതി തേടിക്കൊണ്ട് രണ്ടാമത്തെ പത്തിലൂടെ കടന്നുകൊണ്ടിരിക്കുന്നവരാകാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ. അല്ലെങ്കിൽ കടന്നവരായിരിക്കട്ടെ. രണ്ടാമത്തെ പത്ത് അവസാനിച്ചു. ഇനി ഈ ചിന്തയോടെ മൂന്നാമത്തെ പത്തിലും പ്രവേശിക്കുന്നവരാകട്ടെ. അതായത് അല്ലാഹുവിൽനിന്ന് ലഭിച്ച വെളിച്ചവും ശക്തിയും നമ്മെ അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗങ്ങളിൽ കൊണ്ടുപോകുന്നതാകും ഇൻശാഅല്ലാഹ്.

നബി(സ) തിരുമേനി റമളാനിലെ അവസാനത്തെ പത്ത്, നരകത്തിൽനിന്ന് വിടുതൽ നല്കുന്ന പത്താണെന്ന് പറഞ്ഞിരിക്കുന്നു. മനുഷ്യൻ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ചാദൂറിൽ പൊതിയപ്പെടുമ്പോൾ, അവന്റെ പൊറുക്കലിൽനിന്ന് പ്രകാശത്തിന്റെ ശക്തി ആർജിച്ച് അതിൽ നിലകൊള്ളുകയും വേണം. അവന്റെ പ്രകാശത്തിൽനിന്ന് ഓഹരിയെടുക്കണം. അവന്റെ ശക്തിയാർജിച്ച് അവനിൽ നിലകൊള്ളുമ്പോൾ അവൻ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവനാണെന്ന് വ്യക്തമാണ്. അല്ലാഹു ആർക്കും പ്രതിഫലം നല്കാതെ വിട്ടുകളയുകയില്ല. വലിയ ദയാലുവുമാണവൻ. ഒരുപാട് നല്കുന്നവനാണവൻ. മനുഷ്യൻ അല്ലാഹുവിനുവേണ്ടി നന്മകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയോ പ്രവർത്തിക്കാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ ഞാൻ നിന്നെ നരകത്തിലിടുകയില്ലെന്നും നരകത്തിൽനിന്ന് നീ രക്ഷപ്പെട്ടുവെന്നും മാത്രമല്ല അല്ലാഹു പറയുന്നത് മറിച്ച് നരകത്തിൽനിന്ന് രക്ഷപ്പെടുന്ന പത്ത് എന്നു പറഞ്ഞുകൊണ്ട് അല്ലാഹു അത്തരം കർമങ്ങൾ ചെയ്യുന്നവരെ ഇഷ്ടപ്പെട്ട് തന്റെ സ്വർഗത്തെ കുറിച്ച് സുവാർത്ത അറിയിക്കുന്നുവെന്നും നബി(സ)തിരുമേനി നമ്മളോടു പറഞ്ഞു.'(സുനനുത്തുർമുദി കിതാബുസ്സൗം ഹദീഥു നമ്പർ 682)

സ്ഥിരമായിട്ട് അവനോടു പാപപ്പൊറുതി തേടിക്കൊണ്ടിരുന്നാൽ, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നാൽ, നന്മകളിൽ നൈരന്തര്യം കരസ്ഥമാക്കുന്നതിനും അതിൽ നിലകൊള്ളുന്നതിനും പതിവായി അല്ലാഹുവിന്റെ കോന്തല പിടിച്ചുകൊണ്ടിരുന്നാൽ നരകത്തിന്റെ കവാടങ്ങൾ റമളാൻ മാസത്തിൽ മാത്രമല്ല മറിച്ച് ഈ മുപ്പത് ദിവസത്തെ ആരാധനകളും പ്രതിജ്ഞയും കടമകളുടെ നിർവഹണവും മാനസാന്തരവും ഇസ്തിഗ്ഫാറിന്റെ ശീലവും നരകകവാടങ്ങൾ എന്നെന്നേക്കുമായി അടപ്പിക്കുന്നതാണ്.

ജന്നത്തിന്റേയും ജഹന്നമിന്റേയും യാഥാർഥ്യത്തെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി സമർപ്പിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു: "മതത്തിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ സമ്പൂർണമായ വിശേഷ ഗുണങ്ങളിലും ദൃഢതരമായ നിലയിൽ വിശ്വാസം കരസ്ഥമാക്കി ശാരീരികേച്ഛകളിൽനിന്ന് മുക്തിനേടുക എന്നതാണത്. അല്ലാഹുവുമായി വ്യക്തിഗതമായ നിലയിൽ വിശ്വാസം കരസ്ഥമാക്കി ശാരീരകേച്ഛകളിൽനിന്ന് മനുഷ്യൻ മുക്തിനേടുക. അല്ലാഹുവിനോടു വ്യക്തിഗതമായ സ്നേഹമുണ്ടാകുക. വാസ്തവത്തിൽ അതു തന്നെയാണ് സ്വർഗം. അത് പരലോകത്ത് പലരീതികളിൽ പ്രകടമാകുന്നതാണ്."(ചശ്മയെ മസീഹി, റൂഹാനീ ഖസായിൻ വാല്യം 20പേജ് 352).

യഥാർഥമായ ദൈവത്തിൽനിന്ന് അജ്ഞനായിരിക്കുകയും അവനിൽനിന്ന് അകന്നിരിക്കുകയും, സത്യസന്ധമായ സ്നേഹം അവനുമായി പുലർത്താതിരിക്കുകയും ചെയ്യുന്നതാണ് വാസ്തവത്തിൽ നരകം. അത് പരലോകത്ത് പലതരത്തിലുള്ള നിറങ്ങളിൽ പ്രകടമാകുന്നതാണ്. അതുകൊണ്ട് ഈ സംഗതി നമ്മൾ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. അതായത് നരകത്തിൽനിന്നുള്ള മോചനവും ഈ ലോകത്തുനിന്ന് ആരംഭിക്കുന്നു. സ്വർഗം കിട്ടുക എന്നതും ഈ ലോകത്തുവച്ചുതന്നെ ഉണ്ടാകുന്നു. ഇവയ്ക്കു രണ്ടിനും വിശാലമായ സ്വാധീനങ്ങളാണുള്ളത്. വിവിധ അവസ്ഥകളിലും വർണങ്ങളിലും ഇതു മനുഷ്യന് കിട്ടേണ്ടതാണ്. അല്ലെങ്കിൽ കിട്ടുന്നു. വിശാലമായ ഫലങ്ങൾ പരലോകത്താണ് കിട്ടു ന്നത്.

അതിനാൽ അല്ലാഹുവും യഥാർഥമായ തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് മനുഷ്യന് ഈ ലോകത്തും സ്വർഗം കാണിക്കുന്നു. ഇതിന്റെ വിശാലമായിട്ടുള്ള ഉപഹാരങ്ങൾ, ഞാൻ പറഞ്ഞതുപോലെ പരലോകത്തും ലഭിക്കുന്നതാണ്. അല്ലാഹുവുമായിട്ടുള്ള സത്യസന്ധമായ ബന്ധവും സ്നേഹവും, അവന്റെ കാരുണ്യവും പൊറുക്കലും എല്ലാ സമയത്തും ചോദിക്കാതിരിക്കലും അവന്റെ കല്പനകളെ മനഃപ്പൂർവം ലംഘിക്കലും അല്ലാഹുവിന്റെ വെറുപ്പിന് കാരണമായിത്തീരുന്നു.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖുർആൻ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം തുറന്നു വിശദീകരിക്കുന്നു. പറഞ്ഞു: 'വിശുദ്ധ ഖുർആൻ സ്വർഗത്തിന്റേയും നരകത്തിന്റേയും യാഥാർഥ്യം വിവരിച്ചിട്ടുള്ളത് മറ്റൊരു ഗ്രന്ഥത്തിലും വിവരിച്ചിട്ടില്ല. ഈ ലോകത്തുനിന്ന് അതിന്റെ പരമ്പര ആരംഭിക്കുന്നുവെന്നാണ് അതിൽ വ്യക്തമായ നിലയിൽ വെളിപ്പെടുത്തിയിട്ടുള്ളത്. അല്ലാഹു പറയുന്നു: *വലിമൻ ഖാഫ മഖാമ റബ്ബിഹീ ജന്നത്താൻ* (55:46) ആരാണോ അല്ലാഹുവിന്റെ സന്നിധിയിൽ നില്ക്കുന്നത്, ഭയപ്പെടുന്നത് അവന് രണ്ടു സ്വർഗങ്ങളുണ്ട്. അതായത് ഒരു സ്വർഗം ഈ ലോകത്തും അവന് ലഭിക്കുന്നു. കാരണം ദൈവഭയം അവനെ തിന്മകളിൽനിന്ന് തടയുന്നു. (തിന്മകളെ തടഞ്ഞു നിറുത്തുമ്പോഴാണ് സ്വർഗം കിട്ടുന്നത്.) "തിന്മകളിലേക്കുള്ള ഓട്ടം മനസ്സിൽ ഒരു അസ്വസ്ഥതയും ഉൽക്കണ്ഠയും ഉണ്ടാക്കുന്നു. അതു തന്നെയും ഒരു ഭയാനകമായ നരകമാണ്." അല്ലാഹുവിനോടുള്ള ഭയം തിന്മകളെ തടയുന്നു. മനുഷ്യൻ തിന്മ ചെയ്യാതിരിക്കുമ്പോൾ ഈ ലോകത്തും നരകത്തിൽനിന്ന് രക്ഷപ്പെട്ടു. തിന്മയിലേക്ക് ഓടുന്നവൻ, തിന്മ ചെയ്യുന്നവൻ സമാധാനം പ്രാപിക്കുകയില്ല. ഏതെങ്കിലുമൊക്കെ വിഷമങ്ങൾ അവനുണ്ടാകും. എന്തെങ്കിലും അസ്വസ്ഥത ഉണ്ടാകും. മനുഷ്യൻ തിന്മ ചെയ്താലുള്ള അവസ്ഥ ഇതാണ്. ഇതുതന്നെയും ഒരു നരകമാണ്. പറഞ്ഞു: 'പക്ഷേ, ആരാ

ണോ അല്ലാഹുവിനെ ഭയപ്പെടുന്നത് അവൻ തിന്മയിൽ നിന്ന് മാറി ആ ശിക്ഷയിൽ നിന്നും വേദനയിൽ നിന്നും ക്ഷണത്തിൽ രക്ഷപ്പെടുന്നു.' (അല്ലാഹുവിനെ ഭയപ്പെടുന്നവൻ പെട്ടെന്ന് രക്ഷപ്പെടുന്നവനായി.) "അത് കാമവികാരങ്ങളുടേയും ഇന്ദ്രീയാശകളുടേയും അടിമത്വത്തിൽ നിന്നും തടവറയിൽ നിന്നും ഉണ്ടാകുന്നതാണ്." അതായത് കാമവികാരങ്ങളുടെ ആവേശത്തള്ളിച്ചകൊണ്ടും ശരീരേച്ഛകൾകൊണ്ടും മനുഷ്യൻ ശാരീരികമായ വികാരങ്ങളുടെ അടിമത്വത്തിൽ വരികയോ കാമവികാരങ്ങളുടെ തടവറയിൽ ആയിത്തീരുകയോ ചെയ്യുന്നു. അങ്ങനെയുള്ളവനിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുകയാണെങ്കിൽ തന്റെ ഈ വികാരാവേശങ്ങളെ അമർത്തുന്നതുകൊണ്ട് അവൻ അതിൽ നിന്ന് രക്ഷപ്പെടുന്നു.

പിന്നീടു പറഞ്ഞു: 'അവൻ കൂറുകാണിക്കുന്നതിലും അല്ലാഹുവിലേക്ക് കുനിയുന്നതിലും അഭിവൃദ്ധിപ്പെടുന്നു." (മനുഷ്യൻ അക്കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുമ്പോൾ അല്ലാഹുവിലേക്ക് കുനിയുന്നതിൽ അഭിവൃദ്ധിപ്പെടും)"അതിലൂടെ അവന് ഒരു നിർവൃതിയും സന്തോഷവും നല്കപ്പെടുന്നു. അങ്ങനെ സ്വർഗീയ ജീവിതം ഈ ലോകത്തുനിന്നുതന്നെ അവന് ആരംഭിക്കുന്നു." (മൽഫൂദാത്ത് വാള്യം 3 പേജ് 155-156 1985 ലണ്ടൻ പതിപ്പ്)

ഈ ലോകത്തെ സ്വർഗീയ ജീവിതം അല്ലെങ്കിൽ അടുത്ത ലോകത്തെ സ്വർഗം കരസ്ഥമാക്കുന്നതിനുള്ള ശ്രമവും നരകത്തിൽ നിന്നുള്ള മോചനവും എങ്ങനെയാണ്? എന്താണ്? അവിടന്നു പറഞ്ഞു: 'വിശുദ്ധഖുർആന്റെ നിർദേശമനുസരിച്ച് നരകത്തിൽ നിന്ന് രക്ഷപ്പെടലും സ്വർഗം കിട്ടലും പരലോക സ്വർഗവും നരകവും മാത്രമല്ല. പ്രത്യുത ഈ ലോകത്തിനും സ്വർഗവും നരകവുമുണ്ട്. ഈ രീതിയിൽ അല്ലാഹുവിനെ ഭയപ്പെട്ടുജീവിച്ചെങ്കിൽ മാത്രമേ അതിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ, നബി(സ) തിരുമേനി പറഞ്ഞു: യഥാർഥ മുഹ്സിൻ എപ്പോഴും അല്ലാഹുതന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ചിന്തയിലായിരിക്കും ഉണ്ടാകുക. അല്ലാഹുതന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ബോധമുണ്ടാകുമ്പോൾ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുന്നു. അപ്പോഴാണ് മനുഷ്യൻ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നത്. ആരാണോ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നത്, അവൻ മനസ്സിന്റെ വ്യാകലതകളിൽ നിന്നും രക്ഷപ്പെടുന്നു. ഒരു കള്ളന് അല്ലെങ്കിൽ എന്തെങ്കിലും തെറ്റു ചെയ്യുന്നവന് താൻ പിടിക്കപ്പെടുമോ അപമാനിതനാകുമോ എന്ന ഭയം എപ്പോഴുമുണ്ടാകുന്നു. ഈ ഭയം തന്നെ അവനെ ലോകത്ത് നരകത്തിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നവൻ ഈ ലോകത്തും പരലോകത്തും സ്വർഗം സമ്പാദിക്കുന്നവനായിരിക്കും. തിന്മകളിലും കാമവികാരങ്ങളിലും അകപ്പെട്ടുകിടക്കുന്നൻ ഈ ലോകത്തും പരലോകത്തും നരകം സമ്പാദിക്കുന്നവനായിരിക്കും. പറഞ്ഞു, അല്ലാഹുവിലേക്ക് കുനിയുകയും അവനോടു കൂറുപുലർത്തുകയും ചെയ്യുക എന്നതുതന്നെയാണ് സ്വർഗം. അതിൽനിന്ന് അകന്നുപോകുന്നത് നരകമാണ്. ഈ നരകത്തിൽനിന്നുള്ള വിമോചന കാര്യവും വന്നു നില്ക്കുന്നത് അല്ലാഹുവിന്റെ കല്പനയനുസരിച്ചുള്ള കർമങ്ങളിലും അവനോടുള്ള ഭയത്തേയും തഖ്‌വയേയും എപ്പോഴും മുന്നിൽവെക്കുന്നതിലുമാണ്.

ഈ ചെറിയ ഹദീഥിൽ മൂന്നുകാര്യങ്ങളെ കുറിച്ചു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് പറഞ്ഞിടത്ത് അതിൽ സുസ്ഥിരമായി നിലകൊള്ളുന്നതിന് ഇസ്തിഗ്ഫാർ സ്ഥിരമായി ചെയ്തുകൊണ്ടിരിക്കാനും നിർദേശിച്ചു. പറഞ്ഞു, മനുഷ്യൻ ഇക്കാര്യം കരസ്ഥമാക്കിയാൽ അവന്റെ എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിനെ മുന്നിൽ കണ്ടുകൊണ്ടുള്ളതായിത്തീരുന്നു. തിന്മകളോട് വെറുപ്പും നന്മകൾ ചെയ്യുന്നതിലേക്ക് താൽപര്യവുമുണ്ടാകുന്നു. റമളാനിലെ സുസ്ഥിരമായ അനുഗ്രഹം അവന്റെ ജീവിതത്തിൽ നടപ്പിൽ വരാൻ തുടങ്ങുന്നു. നരകത്തിൽനി ന്ന് അകറ്റപെടുന്നു. ദുൻയാവിലും ആഖിറത്തിലും അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് അവന്റെ സ്വർഗത്തിൽനിന്ന് അനുഗ്രം പ്രാപിക്കുന്നു.

അതിനാൽ ഇക്കാര്യം എപ്പോഴും നമുക്കു മുമ്പിൽ വെക്കേണ്ട ആവശ്യമുണ്ട്. ഇതനുസരിച്ച് ചിന്തിക്കേണ്ടതുമാണ്. റമളാന്റെ അവസാനപത്തിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും ഈമാനെ എപ്പോഴും സമാധാനപൂർണമാക്കിവെക്കുന്നതിനും തഖ്‌വയിൽ നിലകൊള്ളുന്നതിനും മറ്റൊരു കാര്യവും മറ്റൊരു സംഗതിയും മറ്റൊരു വിഷയവും നബി(സ)തിരുമേനി പറഞ്ഞു. എന്നല്ല ഒരു സുവാർത്തയാണ് നല്കിയിട്ടുള്ളത്. അത് ഇതാണ്; ഈ അവസാന പത്തു ദിവസങ്ങളിൽ ലയ്‌ലത്തുൽ ഖദ്റുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ആരാണോ ഈമാന്റെ അവസ്ഥയിലും ആത്മാവിന്റെ കണക്കെടുത്തുകൊണ്ടും റമളാനിലെ നോമ്പനുഷ്ഠിക്കുന്നത് അവന്റെ ചെയ്തുപോയ പാപങ്ങൾ അവന് പൊറുത്തുകൊടുക്കുന്നു. ആരാണോ ഈമാനിന്റെ അവസ്ഥയിലും തന്റെ ആത്മാവിന്റെ കണക്കെടുത്തുകൊണ്ടും ലയ്‌ലത്തുൽ ഖദ്ർ രാവിൽ ആരാധനയിൽ മുഴുകുന്നത് ചെയ്തുപോയ അവന്റെ പാപം പൊറുത്തുകൊടുക്കുന്നതാണ്. (സ്വഹീഹ് ബുഖാരി ഹദീഥ് നമ്പർ 2014)

ലയ്‌ലത്തുൽ ഖദ്റിന് വലിയ പ്രാധാന്യമാണുള്ളത്. പക്ഷേ, റമളാനിലെ നോമ്പിനും അതേ പ്രാധാന്യമാണുള്ളത്. അത് ഒരു രാത്രിയിൽ പാപം പൊറുക്കുന്നു എന്നത് ശരിയാണ്. പക്ഷേ, ചെയ്തുപോയ കർമങ്ങളും മുമ്പിലുണ്ട്. റമളാനിലെ 30 ദിവസങ്ങളിലും ഇതേ കർമങ്ങളുണ്ട്. അതുകൊണ്ട് അല്ലാഹു പറഞ്ഞു: ഇതിന് നിബന്ധനകളുണ്ട്. അതുപാലിക്കേണ്ടത് നിർബന്ധമാണ്. ഈമാനും മനസ്സിന്റെ കണക്കെടുപ്പും! അതായത് റമളാന്റെ നോമ്പുകളും ലയ്‌ലത്തുൽഖദ്ർ പ്രാപിക്കലും പാപം പൊറുപ്പിക്കലും. ആദ്യദിനങ്ങളിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അവസാന നാളുകളിൽ അതകറ്റാൻ ശ്രമിക്കേണ്ടതാണ്. ലയ്‌ലത്തുൽ ഖദ്ർ ആർക്കാണോ ലഭിക്കുന്നത് അവന്റെ പാപം മാത്രമേ പൊറുക്കുകയുള്ളൂവെന്ന് നബി(സ) തിരുമേനി പറഞ്ഞില്ല. പ്രത്യുത നോമ്പുകളിലൂടെയും ലയ്‌ലത്തുൽ ഖദ്റിലൂടെയും ഈമാന്റെ അവസ്ഥയിലും ആത്മാവിന്റെ കണക്കെടുത്തുകൊണ്ടും പോകുന്ന ഓരോ വ്യക്തിയും അല്ലാഹുവിന്റെ പൊറുക്കൽ പ്രതീക്ഷിക്കേണ്ടതാണ്. അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നു.

സത്യവിശ്വാസിക്കുവേണ്ടി അല്ലാഹു ഒരുപാട് പ്രത്യേകതകളും നിബന്ധനകളും വെച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ അല്ലാഹു ഈ നിബന്ധനവെച്ചിടത്തെല്ലാം ഒരുപാട് സ്ഥലങ്ങളിൽ വിശ്വാസത്തെ സൽക്കർമങ്ങളോടുകൂടി ബന്ധിപ്പിച്ചിരിക്കുന്നു - അല്ലാഹുവിലുള്ള വിശ്വാസത്തിനോടൊപ്പം സൽക്കർമം. അതുകൊണ്ട് ഈമാൻ എന്താണ് എന്ന കാര്യത്തിലേക്കും നമ്മുടെ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു മുഅ്മിനീംകൾക്ക് ഒരുപാട് അടയാളങ്ങൾ പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് ഈ അടയാളം പറഞ്ഞിരിക്കുന്നു. *ഇന്നമൽ മുഅ്മിനൂനല്ലദീന ഇദാ ദുകിറല്ലാഹു വജിലത് ഖുലൂബുഹും* (8:2) അല്ലാഹുവിനെക്കുറിച്ച് പറയപ്പെടുമ്പോൾ ആരുടെ മനസ്സാണോ ഭയപ്പെടുന്നത് അവനാണ് മുഅ്മിൻ അഥവാ സത്യവിശ്വാസി. മുഅ്മിന്റെ അടയാളം അവനെപ്പോഴും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നിർബന്ധമായും പ്രവർത്തിക്കേണ്ടവനാണെന്ന ബോധത്തോടെ കഴിയുന്നുവെന്നതാണ്. അല്ലാഹു പറഞ്ഞു എന്ന് അറിയിച്ചുകൊണ്ട് ആരെങ്കിലും ഓർമിപ്പിച്ചാൽ ഉടനെ ഭയപ്പെടുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യണം. അതിനാൽ സൽക്കർമം ചെയ്യാനും മറ്റുള്ളവരോടുള്ള കടമനിറവേറ്റാനും പല സ്ഥലങ്ങളിലും അല്ലാഹുവിന്റെ കല്പനയുണ്ട്. ഇപ്പറയുന്ന കാര്യങ്ങൾ എപ്പോഴും മുന്നിൽവെക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ പേരിൽ അത് ചെയ്യാൻ പറയുമ്പോൾ, അതിലേക്ക് ശ്രദ്ധിക്കാത്തവൻ ഈ ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ സത്യവിശ്വാസിയുടെ കൂട്ടത്തിൽപ്പെടുന്നവനാകുമോ? നമ്മൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ (ആ കൂട്ടത്തിൽ)വരുന്നവനാകുമോ? ഓരോരുത്തരും അവരവരുടെ കണക്കു പരിശോധിച്ചുകൊണ്ടും അവരവരുടെ ഈമാന്റെ അവസ്ഥ നോക്കിക്കൊണ്ടും നോമ്പ് പിടിക്കുക. അല്ലെങ്കിൽ ലയ്‌ലത്തുൽഖദ്റിലൂടെ കടന്നുപോകുക. എന്നാൽ, അവരുടെ പാപം പൊറുക്കപ്പെടുന്നതാണ്.

റമളാനും ലയ്‌ലത്തുൽ ഖദ്റിന്റെ അനുഗ്രഹങ്ങളും നിബന്ധനയോടുകൂടിയതാണ്. ഞാൻ ആരംഭത്തിലും പറഞ്ഞതുപോലെ, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകൾ നിബന്ധനവെക്കപ്പെട്ടിട്ടുള്ളതാണ്. മനുഷ്യന്റെ വിശ്വാസത്തിൽ ബലഹീനതയുണ്ടാകുകയും മറ്റുള്ളവരുടെ അവകാശങ്ങൾ കവരുകയും ചെയ്തിട്ടും താൻ ലയ്‌ലത്തുൽ ഖദ്റിന്റെ ദൃശ്യം കണ്ടെന്നും ദുആയുടെ പ്രത്യേകമായ അവസ്ഥ തന്നിലുണ്ടായെന്നും അവൻ പറയാറുണ്ട്. ദുആയുടെ പ്രത്യേകമായ അവസ്ഥ അവനിലുണ്ടാകുകയും തന്റെ സ്ഥിതിയിൽ പൂർണമായ വിപ്ലവം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹവും കാരുണ്യംകൊണ്ട് അല്ലാഹു അവനെ അനുഗ്രഹിച്ചിരിക്കുന്നു. അതിപ്പോൾ അവനോട് ആവശ്യപ്പെടുന്നത്, അതിൽ നിലനിന്നുകൊണ്ട് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നാണ്. ഈ അവസ്ഥയില്ലെങ്കിൽ ഏതൊന്നിനെയാണോ അവൻ ലയ്‌ലത്തുൽ ഖദ്റായി മനസ്സിലാക്കിയത് അത് ആത്മാവ് പറ്റിച്ചതാകാനിടയുണ്ട്. അവിടന്ന് പറഞ്ഞത്, ഈമാനും പൂർണമായിരിക്കണം ആത്മാവിന്റെ കണക്കെടുപ്പും പൂർണമായിരിക്കണമെന്നാണ്. ഈ സംഗതിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പിൽ വിവരിച്ചത്. ലയ്‌ലത്തുൽ ഖദ്ർ ആ പ്രത്യേക രാത്രി മാത്രമല്ല. ലയ്‌ലത്തുൽ ഖദ്റിന് മൂന്ന് രൂപങ്ങളുണ്ട്. ഒന്നു റമളാനിൽ വരുന്ന രാവ്. രണ്ട് നബി വരുന്ന കാലഘട്ടം. മറ്റൊന്ന് എല്ലാ മനുഷ്യർക്കുമുള്ള ലയ്‌ലത്തുൽ ഖദ്ർ. അതുകൊണ്ട് അവൻ പരിശുദ്ധനും നിർമലനുമായിത്തീരുന്നതാണ്.' (മൽഫൂദാത്ത് വാള്യം 2 പേജ് 336).

ദുൻയാവിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നും അഴുക്കുകളിൽനിന്നും അവൻ പരിശുദ്ധനാകുകയും തന്റെ ഈമാനിൽ അടിയുറച്ചുനില്ക്കുകയും ചെയ്തു. തന്റെ കണക്കെടുത്തുകൊണ്ട്, എല്ലാ തിന്മകളും തന്നിൽ നിന്നകറ്റി. ഇതാണ് ആ ലയ്‌ലത്തുൽ ഖദ്ർ. ഇതു നമുക്ക് ലഭിക്കുകയും നമ്മൾ തികച്ചും അല്ലാഹുവിന്റേതാകുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരാകുകയും നമ്മുടെ ആരാധനാകർമങ്ങളുടെ നിലവാരത്തെ ഉയർത്തുന്നവരാകുകയും ചെയ്താൽ, അതാണ് നമ്മുടെ ലക്ഷ്യം. അതു കരസ്ഥമാക്കാനാണ് അല്ലാഹു നമ്മളോടു കല്പിച്ചിട്ടുള്ളത്. ഈ സ്ഥാനം നമ്മൾ കരസ്ഥമാക്കുകയോ ഇങ്ങനെ ചെയ്യുകയോ ചെയ്താൽ ഓരോ ദിവസവും ഓരോ രാവും നമ്മുടെ ദുആ സ്വീകാര്യതയുടെ നിമിഷങ്ങളായിത്തീരും. നമ്മൾ നബി(സ) തിരുമേനിയുടെ സത്യസ്നേഹിതനെ വിശ്വസിക്കുന്നവരാണ്. നമുക്ക് നമ്മുടെ അവസ്ഥകളിൽ മാറ്റമുണ്ടാക്കിക്കൊണ്ട്, നമ്മുടെ ഈമാനെ ഈ അവസ്ഥവരെ കൊണ്ടെത്തിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതും നമ്മുടെ കണക്കെടുത്തുകൊണ്ട് ജീവിക്കുന്നതുമായാൽ റമളാനിലെ അനുഗ്രഹങ്ങൾ എപ്പോഴും നമ്മുടെ ഉള്ളിൽ നിലകൊള്ളുന്നതാണ്.

ഈ ലയ്‌ലത്തുൽ ഖദ്ർ നമ്മളിൽ അധികം പേർക്കും ലഭിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇതു ദുആ സ്വീകാര്യതയുടെ പ്രത്യേക അവസരമാണ്. അതു ഈ അവസാന നാളുകളിലാണുള്ളത്. നബി (സ) തിരുമേനി പറഞ്ഞത് പ്രാപിക്കാനും അത് നമ്മെ നന്മകളിലും തഖ്‌വയിലും നടത്തുന്നതും അതിൽ കൂടുതൽ വർദ്ധിപ്പിക്കുന്നതുമായിത്തീരട്ടെ. ചെയ്തു പോയ എല്ലാ പാപങ്ങളും നമുക്ക് പൊറുത്തുതരുമാറാകട്ടെ. പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ശക്തിയും കഴിവും അല്ലാഹു തന്റെ പ്രത്യേക അനുഗ്രഹംകൊണ്ട് നമ്മളിൽ ഉണ്ടാക്കുമാറാകട്ടെ. ആമീൻ

– പേജ് 2ൽ നിന്ന്

യോജനപ്പെടുന്നവന്റെ ആയുസ്സ് ദീർഘിപ്പിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. നബി(സ) തിരുമേനിയുടെ പ്രായം ചെറുതായിരുന്നല്ലോ എന്ന് ആക്ഷേപിക്കാറുണ്ട്. ഒന്നാമതായി പറയാനുള്ളത് മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യവും ലക്ഷ്യവും നബി(സ)തിരുമേനി കരസ്ഥമാക്കിയിരുന്നു എന്നതാണ്. ലോകം ഒരു പരിഷ്കർത്താവിനെ ആഗ്രഹിച്ചിരുന്ന കാലത്താണ് അവിടന്ന് ആഗതനായത്. തന്റെ ദൗത്യത്തിൽ പൂർണമായും വിജയം കരസ്ഥമാക്കിയപ്പോൾ അവിടന്ന് ഉയർന്നുപോയി. *അൽയൗമ അക്മൽത്തുലക്കും ദീനക്കും* (5:4) ഈ വിളിനാദം മറ്റാർക്കും ഉണ്ടായില്ല. *ഇദാജാഅ നസ്റുല്ലാഹി വൽഫത്ഹു വ റഅയ്ത്തന്നാസ യദ്ഖുലൂന ഫീ ദീനില്ലാഹി അഫ്വാജാ* സമ്പൂർണമായ വിജയത്തിന്റെ ദൃശ്യം തന്റെ കണ്ണുകൊണ്ട് കണ്ടു. നബി(സ) തിരുമേനി ഏതൊരു അവസ്ഥയിലാണോ സമ്പൂർണവിജയത്തോടെ ഉയർന്നുപോയത്, അപ്പോൾ അദ്ദേഹത്തിന്റെ പ്രായം ചെറുതായിരുന്നു എന്നു പറയുന്നത് പരമാബദ്ധമാണ്. ഇതിനും പുറമെ നബി(സ) തിരുമേനിയുടെ അനുഗ്രഹങ്ങളും കൃപാവരങ്ങളും അനന്തമാണ്. എല്ലാ കാലഘട്ടത്തിലും ആ മഹാത്മാവിന്റെ കൃപാവരത്തിന്റെ കവാടം തുറന്നിരിക്കുന്നു. അതുകൊണ്ടാണ് ആ മഹാത്മാവിനെ ജീവനുള്ള നബി എന്നു പറയുന്നത്. യഥാർത്ഥ ജീവിതം ആ മഹത്മാവിന് ലഭിച്ചിരിക്കുന്നു. ദീർഘായുസ്സിന്റെ ഉദ്ദേശ്യം ആ മഹാത്മാവിനു കിട്ടി. ഈ ഖുർആനിക വചനമനുസരിച്ച് ആ മഹാത്മാവ് അവസാനം വരുന്ന ജനവിഭാഗത്തിനുവരെ ജീവിച്ചിരിക്കുന്ന നബിയാണ്." (മൽഫൂദാത്ത് വാല്യം 2, പേജ് 229)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഇസ്‌ലാമിന്റെ എതിരാളികളും ദീർഘായുസ് പ്രാപിക്കുന്നുണ്ടല്ലോ എന്നു പറഞ്ഞും ആക്ഷേപിക്കാറുണ്ട്. ഇതിനു കാരണമെന്താണ്? എന്റെ അഭിപ്രായത്തിൽ ഇതിനു കാരണം അവരുടെ സാന്നിദ്ധ്യവും ചില രീതിയിൽ ഗുണപ്രദമാകാറുണ്ട്. നോക്കൂ! അബൂജഹ്ൽ ബദ്ർ യുദ്ധംവരെ ജീവിച്ചിരുന്നു. എതിരാളികൾ ആക്ഷേപം ഉന്നയിച്ചില്ലായിരുന്നെങ്കിൽ വിശുദ്ധഖുർആനിലെ 30 ഭാഗങ്ങൾ എവിടെന്ന് കിട്ടാനാണ്. ഏതൊരു സാന്നിധ്യത്തെ അല്ലാഹു ഗുണപ്രദമെന്ന് മനസ്സിലാക്കുന്നുവോ അതിന് നീട്ടിക്കൊടുക്കുന്നു. നമ്മുടെ എതിരാളികളും ജീവിച്ചിരിപ്പുണ്ട്. അവർ എതിർക്കുന്നു. അവരുടെ സാന്നിധ്യംകൊണ്ട് ഈ ഫലം തന്നെയാണുള്ളത്. അല്ലാഹു വിശുദ്ധഖുർആനിന്റെ യാഥാർത്ഥ്യങ്ങളും ജ്ഞാനങ്ങളും തന്നനുഗ്രഹിക്കുന്നു. മഹ്ർ അലി ശാഹ് ഇത്രയധികം ബഹളം വെച്ചിരുന്നില്ലെങ്കിൽ നുസൂലുൽ മസീഹ് എന്ന ഗ്രന്ഥം ആരെഴുതാനാണ്.

"ഇതുപോലെ ഇസ്‌ലാമിന്റെ തത്ത്വജ്ഞാനങ്ങളുടെ ഗുണവിശേഷവും സൗന്ദര്യവും പ്രകടമാകുന്നതിനുവേണ്ടിയാണ് മറ്റു മതങ്ങളും നിലനില്ക്കുന്നത്. നോക്കുക! നിയോഗത്തിന്റേയും പാപപരിഹാര സിദ്ധാന്തത്തിന്റേയും വിശ്വാസികൾ ഉണ്ടായിരുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ ഗുണവിശേഷങ്ങൾ എങ്ങനെയാണ് വെളിച്ചത്തു വരിക? ചുരുക്കം പറഞ്ഞാൽ എതിരാളികളുടെ സാന്നിധ്യവും ഗുണപ്രദമെങ്കിൽ അല്ലാഹു അവർക്ക് ആയുസ്സ് നല്കുന്നതാണ്." (മൽഫൂദാത്ത്, വാല്യം 2, പേ: 233)

**നബി(സ) തിരുമേനിയെ സിയാറത്ത് ചെയ്യൽ:**

**(1902 ആഗസ്ത് 9, വൈകുന്നേരം)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് സാധാരണപോലെ ഇരുന്നു. കുറച്ചുനേരത്തിനുശേഷം കപൂർഥലയിൽനിന്നുവന്ന രണ്ടു മൂന്നുപേർ ബയ്അത്തു ചെയ്തു. അതിനുശേഷം ഒരാളെക്കുറിച്ച് അദ്ദേഹം ഖാരിയാണെന്ന് പറയപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദു(അ) കുറച്ചു കേൾപ്പിക്കാൻ പറഞ്ഞു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമനുസരിച്ച് സൂറ മർയമിന്റെ ഒരു റുകൂഅ് മനോഹരമായി ഓതി കേൾപ്പിച്ചു. അതിനുശേഷം ഖാരി സാഹിബിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നാട്ടുവർത്തമാനങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. തുടർന്ന് ഖാരി സാഹിബ് ചോദിച്ചു. ഹുസൂർ! ഒരുപാടുനാളായിട്ട് നബി(സ) തിരുമേനിയെ സിയാറത്ത് ചെയ്യണമെന്ന് മനസ്സാഗ്രഹിക്കുന്നു. അതിനായി എനിക്കെന്തെങ്കിലും 'വളീഫ' പറഞ്ഞു തന്നാലും. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'നോക്കൂ! താങ്കൾ എനിക്കു ബയ്അത്ത് ചെയ്തിരിക്കുന്നു. ആരാണോ ബയ്അത്തിൽ പ്രവേശിക്കുന്നത്, ബയ്അത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ എപ്പോഴും മുന്നിൽവെക്കേണ്ടതാണ്. നബി(സ) തിരുമേനിയെ സിയാറത്തു ചെയ്യുക എന്ന കാര്യം, യഥാർത്ഥ ലക്ഷ്യത്തിൽനിന്നും ഉദ്ദേശ്യത്തിൽനിന്നും ദൂരത്തുള്ളതാണ്. ഇതായിരിക്കരുത് മനുഷ്യന്റെ യഥാർത്ഥ ലക്ഷ്യം. വിശുദ്ധഖുർആനും ഇത് യഥാർത്ഥ ഉദ്ദേശ്യമായി പറഞ്ഞിട്ടില്ല. എന്നല്ല അതു പറയുന്നു. *ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബി ഊനീ യുഹ്ബിബ്കുമുല്ലാഹു* (3:32) യഥാർത്ഥ ഉദ്ദേശ്യം നബി(സ) തിരുമേനിയെ സത്യസന്ധമായി പിൻപറ്റുക എന്നതാണ്. മനുഷ്യൻ ആ മഹാത്മാവിന്റെ അനുധാവനത്തിൽ തന്നെ നഷ്ടപ്പെടത്തുമ്പോൾ സിയാറത്തും നടന്നേക്കാം; ആതിഥേയൻ ആരെയെങ്കിലും ക്ഷണിക്കുന്നതുപോലെ. അവൻ അതിഥിക്കുവേണ്ടി നല്ല ഭക്ഷണം കൊണ്ടുവരുന്നു. ആ ഭക്ഷണത്തോടൊപ്പം അയാളൊരു സുപ്രയും കൊണ്ടുവരാറുണ്ട്. കൈ കഴുകിക്കുകയും ചെയ്യുന്നു. യഥാർത്ഥ ലക്ഷ്യം ഭക്ഷണം കഴിക്കുക എന്നതാണ്. ഇപ്രകാരം ആരാണോ നബി(സ) തിരുമേനിയെ സത്യസന്ധമായി അനുധാവനം ചെയ്യുന്നത്, അതിനോടൊപ്പം സിയാറത്ത് എന്നതും സാധ്യമായേക്കാം. ഇവിടെ ധാരാളമാളുകൾ ബയ്അത്തു ചെയ്യാൻ വരാറുണ്ട്. അവർ എന്നെ കാണുന്നു. പക്ഷേ, അവരിൽ ഞാനയക്കപ്പെട്ടതിന്റെ ഉദ്ദേശ്യമായ പരിവർത്തനം ഉണ്ടാകുന്നില്ലെങ്കിൽ എന്നെ കാണുന്നതുകൊണ്ട് എന്തു പ്രയോജനമുണ്ടാകാനാണ്. ഇപ്രകാരംതന്നെ മുഴുവൻ പ്രവാചകന്മാരേയും സിയാറത്ത് ചെയ്തിട്ടുണ്ടെങ്കിലും, മനസ്സിൽ സത്യസന്ധമായ ആത്മാർത്ഥതയും കൂറും അല്ലാഹുവിൽ യഥാർത്ഥ വിശ്വാസവും ദൈവഭയവും തഖ്‌വയും ഇല്ലാത്തവനാണെങ്കിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഒരു വിലയുമില്ലാത്ത അവൻ വലിയ ദുർവൃത്തനാണ്. അതിനാൽ സിയാറത്തുകൾ കൊണ്ടുമാത്രം ഒരു പ്രയോജനവുമില്ല. അല്ലാഹു ആദ്യമേതന്നെ ദുആ പഠിപ്പിച്ചിരിക്കുന്നു. *ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം സിറത്തല്ലദീനം അൻഅംത അലയ്ഹിം.* അല്ലാഹുവിന്റെ യഥാർത്ഥ ഉദ്ദേശ്യം സിയാറത്തായിരുന്നെങ്കിൽ ഇഹ്ദിനാ എന്നയിടത്ത് *അറിനാ സുവരല്ലദീന അൻഅംത അലയ്ഹിം* എന്ന ദുആ പഠിപ്പിക്കുമായിരുന്നു. അങ്ങനെ പഠിപ്പിക്കപ്പെട്ടില്ല. നബി(സ) തിരുമേനിയുടെ കർമപരമായ ജീവിതം നോക്കുക. തനിക്കു ഇബ്റാഹീം നബിയുടെ സിയാറത്തുണ്ടാകണമെന്ന് ഒരിക്കലും അവിടന്ന് ആഗ്രഹിച്ചില്ല; മിഅ്റാജിൽ എല്ലാ നബിമാരേയും അവിടന്ന് സിയാറത്ത് ചെയ്തെങ്കിൽതന്നെയും. അതുകൊണ്ട് അടിസ്ഥാനപരമായ ഉദ്ദേശ്യം ഒരിക്കലും ഇതാകാൻ പാടില്ല. യഥാർത്ഥ ഉദ്ദേശ്യം സത്യസന്ധമായ അനുധാവനമാണ്." (മൽഫൂദാത്ത്, വാല്യം 2, പേജ്: 238)

**പലിശയുടെ നിർവചനം:**

**(1902 ആഗസ്ത് 9 വൈകുന്നേരം)**

ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് ചോദിച്ചു. ഹുദൂർ ഒരു ചോദ്യം മിക്ക ആളുകളും ചോദിക്കുന്നു: തങ്ങളുടെ കാര്യങ്ങൾ നടക്കുന്നതിന് അതുമായി ബന്ധപ്പെട്ടവർക്ക് എന്തെങ്കിലും കുറച്ചു കൊടുക്കേണ്ടിവരുന്നു. കൊടുത്തില്ലെങ്കിൽ അവർ നഷ്ടമുണ്ടാക്കുകയും ചെയ്യും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

'എന്റെ അഭിപ്രായത്തിൽ കൈക്കൂലിയുടെ നിർവചനം, ആരുടെയെങ്കിലും അവകാശം നീക്കുന്നതിനോ, അല്ലെങ്കിൽ അനുവദനീയമല്ലാത്ത നിലയിൽ സർക്കാരിന്റെ അവകാശങ്ങൾ കൈവശപ്പെടുത്തുന്നതിനോ, എടുക്കുന്നതിനോ വേണ്ടി ആരെങ്കിലും പ്രത്യേകമായി ആർക്കെങ്കിലും കൊടുക്കുക എന്നാണ്. എന്നാൽ, മറ്റുള്ള ആർക്കും അതുകൊണ്ട് നഷ്ടമൊന്നുമില്ലെങ്കിൽ, മറ്റാരുടേയും അവകാശം അതിലില്ലെങ്കിൽ, സ്വന്തം അവകാശങ്ങളുടെ സംരക്ഷണത്തിനായി എന്തെങ്കിലും കൊടുത്താൽ അതിൽ തെറ്റൊന്നുമില്ല. ഇത് കൈക്കൂലിയല്ല. ഇതിന്റെ ഉദാഹരണം ഇങ്ങനെയാണ്. നമ്മൾ വഴിയിലൂടെ നടന്നുപോകുകയും നമ്മുടെ നേരെ ഒരു നായ ഓടിവരികയും ചെയ്യുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാനായി ഒരു കഷണം റൊട്ടി ഇട്ടുകൊടുക്കുകയും അങ്ങനെ അതിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നു." (മൽഫൂദാത്ത്, വാല്യം 2 പേ: 239)

"കൈക്കൂലി ഒരിക്കലും കൊടുക്കരുത്. ഇത് കഠിനമായ പാപമാണ്. സർക്കാരിന്റേയോ മറ്റുള്ളവരുടേയോ അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനുവേണ്ടി കൊടുക്കുന്നതിനെയാണ് ഞാൻ കൈക്കൂലി എന്നു പറയുന്നത്. ഞാൻ നല്കുന്ന നിർവചനമതാണ്. കൈക്കൂലി കൊടുക്കുന്നതിനെ ഞാൻ ശക്തമായും വിലക്കുന്നു. എന്നാൽ, ഉപഹാരമെന്ന നിലയിലും കാഴ്ച സാധനമെന്ന നിലയിലും കൊടുക്കുകയോ ആരുടേയും അവകാശം അതു മുഖേന നഷ്ടപ്പെടാതിരിക്കുകയോ, എന്നല്ല സ്വന്തം അവകാശത്തെ ദ്രോഹത്തിൽനിന്ന് രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ കൊടുക്കുകയോ ചെയ്യുകയാണെങ്കിൽ അതു എന്റെ അഭിപ്രായത്തിൽ വിരോധമല്ല. അതിന്റെ പേര് കൈക്കൂലി എന്നു ഞാൻ പറയുന്നില്ല. ആരുടെയെങ്കിലും ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടുന്നതിനെ ശരീഅത്ത് വിലക്കുന്നില്ല. മറിച്ച് *ലാ തുൽഖൂ ബി അയ്ദീക്കും ഇലത്തഹ്‌ലുക്കത്തി* (2:196) എന്നാണ് പറഞ്ഞിട്ടുള്ളത്. (മൽഫൂദാത്ത് വാല്യം 2, പേജ് 243)

---

– പേജ് 1ൽ നിന്ന്

കരസ്ഥമാക്കിക്കൊണ്ടുപോകുകയും ആത്മീയമായ ബലഹീനതയുടെമേൽ വിജയം വരിച്ചുകൊണ്ടു പോകുകയും ചെയ്യുമെന്ന് എനിക്കുതോന്നുന്നു. എന്റെ ഹൃദയം അദ്ദേഹത്തെക്കുറിച്ച് ഇങ്ങനേയും സാക്ഷി പറയുന്നു. അദ്ദേഹം ഭൗതികമായ നിലയിൽ ശരിയായിട്ടുള്ളതും സൂക്ഷ്മമായതുമായ ഒരു വിവേകബുദ്ധി ഉൾക്കൊള്ളുന്നു. അല്ലാഹുവിന്റെ അനുഗ്രഹം ഈ വിനീതന്റെ ആത്മീയമായ തിരിച്ചറിവിന്റെ പരിഗണനാർഹമായ ഒരു ഭാഗം അദ്ദേഹത്തിന് പ്രദാനം ചെയ്തിരിക്കുകയും വിശ്വാസപരമായ മര്യാദകളിൽ സത്യസന്ധത കരസ്ഥമാക്കിക്കൊണ്ടു പോകുകയും ചെയ്യുന്നു. ആക്ഷേപങ്ങൾ കുറയുകയും സദുദ്ദേശ്യത്തിലേക്ക് ചുവടുയരുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്റെ അറിവിൽ ഏതെങ്കിലും ഭയാനകമായ ഇടർച്ചയുണ്ടാകുമോ എന്ന ആശങ്കയുടെ ഘട്ടം അദ്ദേഹം തരണം ചെയ്തുകഴിഞ്ഞു."

***(ഇസാലയെ ഔഹാം റൂഹാനി ഖസായിൻ വാല്യം 3, പേജ് 527-530)***


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.

വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

EDITOR
H.SHAMSUDDIN
Mobile : +91-94466-56123
: +91-84376-99866
e-mail : badarkerla@gmail.com
website : www.akhbarbadrqadian.in
www.alislam.org/badr

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Thursday 10 March 2016

MANAGER
NAWAB AHMAD
Tel: (0091) 1872-224757
Mobile : +91-94170-20616
e-mail : managerbadrqnd@gmail.com

**ANNUAL SUBSCRIPTION** Rs.300/-

**അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെ സത്യപ്രേമിയെ അയച്ചുകൊണ്ട് ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിന് തുടക്കം കുറിച്ചു. 1400 വർഷത്തിനുശേഷം നവംനവങ്ങളായ വഹ്‌യും ഇൽഹാമും ഇറങ്ങിയ അക്കാലഘട്ടം പ്രാപിക്കുകയും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് നേരിട്ട് അനുഗ്രഹം പ്രാപിക്കുകയും ചെയ്തവർ ഭാഗ്യവാന്മാരാണ്. ഏത് നാശത്തിലേക്കാണോ ലോകം അതിദ്രുതം പാഞ്ഞുകൊണ്ടിരിക്കുന്നത്, അതില്ലാതാകാൻ ജമാഅത്തംഗങ്ങൾ ദുആയിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.**

***സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്***

***04.12.15 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബി(സ) തിരുമേനിയുടെസത്യപ്രേമിയെഅയച്ചുകൊണ്ട്ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിന് തുടക്കം കുറിച്ചു. 1400 വർഷത്തിനുശേഷം നവംനവങ്ങളായ വഹ്‌യും ഇൽഹാമും ഇറങ്ങിയ അക്കാലഘട്ടം പ്രാപിക്കുകയും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് നേരിട്ട് അനുഗ്രഹം പ്രാപിക്കുകയും ചെയ്തവർ ഭാഗ്യവാന്മാരാണ്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ചുറ്റുമിരിക്കുന്ന ആ സ്വഹാബാക്കളെ മനുഷ്യൻ സാങ്കല്പികദൃഷ്ടികൊണ്ട് കാണുകയും അവർക്ക് കിട്ടിയ ഭാഗ്യത്തിൽ അല്ലാഹുവിനെ അവർ സ്തുതിക്കുന്നതും നന്ദി കാണിക്കുന്നതും ദർശിക്കുകയും ചെയ്യുമ്പോൾ മനസ്സിന് അത്ഭുതകരമായൊരു അവസ്ഥയാണുണ്ടാകുന്നത്. അല്ലാഹു തന്റെ വാഗ്ദാനങ്ങളിൽ എത്രമാത്രം സത്യവാനാണ്. ആദ്യം വന്നവരുമായി ചേരുന്നവരെ അവസാനം വരുന്നവരിലും സൃഷ്ടിക്കുന്നതാണെന്ന് അവൻ പറഞ്ഞപ്പോൾ, വഹ്‌യുടേയും ഇൽഹാമിന്റേയും നവംനവങ്ങളായ അടയാളങ്ങൾ നബി(സ) തിരുമേനിയുടെ സത്യദാസൻ മുഖേന കാണിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തവരുടെ ഈമാനെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. അവർ ഓരോ ദിവസവും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നുണ്ടാകുന്ന പുതിയ വഹ്‌യും ഇൽഹാമും അന്വേഷിച്ചുകൊണ്ടായിരുന്നു രാവിലെ ജീവിതം തുടങ്ങിയിരുന്നത്. സ്വഹാബാക്കളുടെ ഈ അവസ്ഥയെക്കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ പറയുന്നു: 'ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ വഹ്‌യെ സംബന്ധിച്ച് അഹ്മദികളുടെ അവസ്ഥ എന്തായിരുന്നുവെന്നുവെച്ചാൽ, നേരം വെളുത്തുടനെ പ്രേമഭാജനത്തെ പോലെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് രാത്രിയിൽ എന്തെങ്കിലും ഇൽഹാമുണ്ടായോ എന്നറിയാൻ അങ്ങോട്ടും ഇങ്ങോട്ടും ഓടുമായിരുന്നു. ഞങ്ങളുടെ അവസ്ഥ എന്താണെന്നുവെച്ചാൽ, ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിനായി പോകുമ്പോൾ നോട്ടുബുക്ക് മറിച്ചുനോക്കുമായിരുന്നു. അല്ലെങ്കിൽ മസ്ജിദിലെത്തി, ആ മഹാത്മാവിന്റെ അനുഗൃഹീത വായിൽനിന്ന് അത് കേൾക്കുമായിരുന്നു.'

ഈ അഭിരുചിയും അഭിനിവേശവുമായിരുന്നു അവരുടേത്. അത് തങ്ങളുടെ വിശ്വാസത്തെ പോളിഷ് ചെയ്തെടുക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുമായിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് ലഭിച്ചതിന് അല്ലാഹുവിനെ സ്തുതിക്കാനും അവന് നന്ദി കാണിക്കാനുമായിരുന്നു. ചില സന്ദർഭങ്ങളിൽ ഏതെങ്കിലും സ്വഹാബിയുടെ സാന്നിധ്യത്തിൽ ഇൽഹാമുണ്ടാകുകയും, ആ ഭാഗ്യവാനും അല്ലാഹുവിന്റെ വഹ്‌യ് കേൾക്കുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ കൂടെ ഇരിക്കുന്നവരും അത് കേൾക്കുമായിരുന്നു. അത്തരം ഒരു വ്യക്തിയെക്കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എനിക്കോർമയുണ്ട് ഒരവസരത്തിൽ ഒരു റുക്കൂഇന് സമാനമായിട്ടുള്ള 'അർറഹാ'എന്ന പദംകൊണ്ട് തുടരുന്ന ഒരു വഹ്‌യ് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ഇറങ്ങി. ഹദ്‌റത്ത് സാഹിബിന് വൃക്കയുടെ വേദനയുണ്ടാകുകയും സയ്യിദ് ഫള്ൽ ശാഹ് സാഹിബ് അദ്ദേഹത്തിന്റെ ശരീരം അമർത്തിക്കൊണ്ടിരിക്കുകയും ചെയ്തപ്പോഴായിരുന്നു ഈ വഹ്‌യ് ഉണ്ടായത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ, അമർത്തിക്കൊണ്ടിരിക്കുമ്പോൾ ഹദ്‌റത്ത് സാഹിബിൽ വഹ്‌യ് ഇറങ്ങി എന്നത് അദ്ദേഹത്തിന് ലഭിച്ച പ്രത്യേക ശ്രേഷ്ഠതയായിരുന്നു. ചിലപ്പോൾ ഉയർന്ന ശബ്ദത്തിൽ വാക്യങ്ങൾ അവിടത്തെ നാവിൽനിന്ന് പുറപ്പെടുംവിധമായിരുന്നു വഹ്‌യുണ്ടായിരുന്നത്.

മിർസാ ഇമാമുദ്ദീൻ സാഹിബ് തുടങ്ങിയവർ ഭിത്തികെട്ടി മാർഗതടസ്സമുണ്ടാക്കിയതിനെ തുടർന്നുണ്ടായ കേസിനെക്കുറിച്ചായിരുന്നു ആ ഇൽഹാം എന്നാണ്. കോടതിയിൽ സമർപ്പിച്ച കടലാസുകളുടെ അടിസ്ഥാനത്തിൽ വിധി എതിരാളികൾക്ക് അനുകൂലമായിരിക്കുമെന്ന് കരുതിയിരുന്നു. കേസ് തള്ളിപ്പോകുമെന്ന് അവർ പറഞ്ഞുപരത്തുകയും ചെയ്തിരുന്നു. പക്ഷേ, എപ്രകാരമാണോ അല്ലാഹു മസീഹ് മൗഊദ്(അ)നെ അറിയിച്ചത് അപ്രകാരം തന്നെ സംഭവിച്ചു. അവസാനസമയത്ത് ഒരു പ്രമാണം കിട്ടിയതിൽനിന്ന് ആ സ്ഥലത്തിന് മിർസാ ഇമാമുദ്ദീൻ സാഹിബിനോടൊപ്പം ഹദ്‌റത്ത് മിർസാ ഗുലാം മുർത്തളാ സാഹിബിനും അതായത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവിനും അവകാശമുണ്ടെന്ന് തെളിഞ്ഞു. അങ്ങനെ കോടതി ആ മഹാത്മാവിനു അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ഭിത്തി പൊളിച്ചുനീക്കാൻ കല്പിക്കുകയും ചെയ്തു. ഈ വഹ്‌യും വലിയ പ്രൗഢി ഉൾക്കൊള്ളുന്നതാണ്.

മിർസാ ഇമാമുദ്ദീൻ സാഹിബ് തുടങ്ങിയവർ ഭിത്തികെട്ടി മാർഗതടസ്സമുണ്ടാക്കിയതിനെ തുടർന്നുണ്ടായ കേസിനെക്കുറിച്ചായിരുന്നു ആ ഇൽഹാം എന്നാണ്. കോടതിയിൽ സമർപ്പിച്ച കടലാസുകളുടെ അടിസ്ഥാനത്തിൽ വിധി എതിരാളികൾക്ക് അനുകൂലമായിരിക്കുമെന്ന് കരുതിയിരുന്നു. കേസ് തള്ളിപ്പോകുമെന്ന് അവർ പറഞ്ഞുപരത്തുകയും ചെയ്തിരുന്നു. പക്ഷേ, എപ്രകാരമാണോ അല്ലാഹു മസീഹ് മൗഊദ്(അ)നെ അറിയിച്ചത് അപ്രകാരംതന്നെ സംഭവിച്ചു. അവസാനസമയത്ത് ഒരു പ്രമാണം കിട്ടിയതിൽനിന്ന് ആ സ്ഥലത്തിന് മിർസാ ഇമാമുദ്ദീൻ സാഹിബിനോടൊപ്പം ഹദ്‌റത്ത് മിർസാ ഗുലാം മുർത്തളാ സാഹിബിനും അതായത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവിനും അവകാശമുണ്ടെന്ന് തെളിഞ്ഞു. അങ്ങനെ കോടതി ആ മഹാത്മാവിനു അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ഭിത്തി പൊളിച്ചുനീക്കാൻ കല്പിക്കുകയും ചെയ്തു. ഈ വഹ്‌യും വലിയ പ്രൗഢി ഉൾക്കൊള്ളുന്നതാണ്. ഈ വഹ്‌യ് വളരെ പ്രൗഢിയോടെ പുലർന്നു. വിവിധ സ്ഥലങ്ങളിൽ അവിടന്ന് ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്‌ലിസുകളെ പ്രതിപാദിച്ചുകൊണ്ട് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: 'ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് നേരിട്ട് കേട്ട ശബ്ദം ഇപ്പോഴും ഞങ്ങളുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. പറയുന്നു: "ഞാൻ ചെറുതായിരുന്നു. എന്നാൽ, ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്‌ലിസുകളിലിരിക്കുകയും അവിടന്ന് പറയുന്ന കാര്യങ്ങൾ കേൾക്കുകയും ചെയ്യുക എന്നത് എന്റെ ഏറ്റവും ഇഷ്ടപ്പെട്ട വിഷയമായിരുന്നു." പറയുന്നു: "ഞങ്ങൾ മജ്‌ലിസുകളിൽ എത്രമാത്രം മസ്അലകൾ കേട്ടുവെന്നാൽ, ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ആ എല്ലാ കാര്യങ്ങളും ഞങ്ങൾ മുമ്പേ കേട്ടു കഴിഞ്ഞതാണെന്ന് മനസ്സിലാകുന്നു. പകൽ എഴുതുന്നത് വൈകുന്നേരം മജ്‌ലിസിൽ വന്ന് വിവരിക്കുക എന്നത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ശീലമായിരുന്നു. അതുകൊണ്ട് അവിടന്ന് പറഞ്ഞ എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് മനഃപാഠമാണ്. ഹദ്‌റത്ത് മസീഹ്മൗഊദ്(അ)ന്റെ ഇച്ഛയും അവിടത്തെ അധ്യാപനവുമനുസരിച്ചുള്ള ഉദ്ദേശ്യങ്ങളും ഞങ്ങൾ നല്ലവണ്ണം മനസ്സിലാക്കുന്നു."

യഥാർത്ഥ ഈമാനിനെ പ്രതിപാദിച്ചുകൊണ്ട് ഒരിടത്ത് അവിടന്ന് പറയുന്നു: "ഒരു മാതാവിനോട് അവളുടെ കുട്ടിയുടെ സേവനത്തിന് വെറും തെളിവുകൾ നല്കുകയും, നീ സേവനം ചെയ്യുന്നില്ലെങ്കിൽ വീട്ടിലെ വ്യവസ്ഥിതിയെല്ലാം താറുമാറായി പോകുമെന്നും, അങ്ങനെയാകുമെന്നും ഇങ്ങനെയാകുമെന്നുമൊക്കെ പറഞ്ഞാൽ ആ തെളിവുകൾ ഒരു മിനിറ്റു നേരംപോലും അവളിൽ സ്വാധീനം ചെലുത്തുകയില്ല. മാതാവിനെ തെളിവുകൾകൊണ്ട് കുട്ടിയുടെ സേവനത്തിന് നിർബന്ധിക്കാൻ പറ്റില്ല. അവൾ സേവനം ചെയ്യുന്നെങ്കിൽ അവളുടെ മനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്നേഹവികാരത്തിന് വിധേയമായിട്ടായിരിക്കും. അതുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു. 'ഈമാനുൽ അജായിസ്' ന് മാത്രമേ മനുഷ്യനെ വഞ്ചനകളിൽനിന്ന് രക്ഷിക്കാൻ കഴിയൂ. (കിഴവികളുടെ വിശ്വാസം എന്നതാണ് അർത്ഥം. കിഴവികൾ വിശ്വസിച്ചുകഴിഞ്ഞാൽ അവർ ഇടവും വലവും നോക്കാതെ അതും ഇതും തിരഞ്ഞു നോക്കാതെ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നു. ആ വിശ്വാസമാണ് ഈമാനുൽ അജായിസ്. വിവ:) ഇല്ലെങ്കിൽ തന്ത്രങ്ങളോടും തെളിവുകളോടും കൂടി പ്രവർത്തിക്കുന്നവർ ഓരോ ചുവടിലും നില്ക്കുകയും, 'ഇന്ന കല്പന നല്കിയിരിക്കുന്നതെന്തിനാണ്, ഇന്ന ജോലി ചെയ്യാൻ പറഞ്ഞതെന്തിനാണ്?' എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കുകയും ഏതെങ്കിലും സമയങ്ങളിൽ വഞ്ചിതരാകുകയും അവരിലുള്ള ഈമാൻ നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. എന്നാൽ സമ്പൂർണവിശ്വാസി തന്റെ വിശ്വാസത്തിന്റെ അടിത്തറയിടുന്നത് ദർശനജ്ഞാനത്തിലായിരിക്കും. അവർ മറ്റുള്ളവരുടെ തെളിവുകൾ കേൾക്കും, എന്നാൽ അവരുന്നയിക്കുന്ന ആക്ഷേപങ്ങൾ മുഖവിലക്കെടുക്കുകയില്ല. കാരണം അവൻ അല്ലാഹുവിനെ തന്റെ ആത്മീയ കണ്ണുകൊണ്ട് കണ്ടുകഴിഞ്ഞിരിക്കുന്നു. പിന്നീട് ആ മഹാത്മാവ് ഹദ്‌റത്ത് മസീഹ് മൗഊദിന്റെ സ്വഹാബിയായ മുൻശീ അരോഡേഖാൻ സാഹിബ്(റ)ന്റെ ഉദാഹരണം പറഞ്ഞു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അദ്ദേഹത്തിന്റെ ഫലിതം എനിക്കോർമയുണ്ട്. മുമ്പേയും ഇത് ഞാനൊരിക്കൽ പറഞ്ഞതാണ്. വീണ്ടും പറയുകയാണ്. അരോഡേഖാൻ സാഹിബ് പറഞ്ഞു: 'താങ്കൾ മൗലവി ഥനാവുല്ലാഹ് സാഹിബിന്റെ പ്രസംഗം ഒരു പ്രാവശ്യം കേട്ടാൽ താങ്കൾക്ക് മിർസാ സാഹിബ് സത്യവാനാണോ അല്ലേ എന്ന് മനസ്സിലാകുമെന്ന് എന്നോടു ചിലർ പറഞ്ഞിരുന്നു.' അദ്ദേഹം പറയുന്നു: "ഒരിക്കൽ ഞാൻ മൗലവി ഥനാവുല്ലാ സാഹിബിന്റെ പ്രസംഗം കേട്ടു.' (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin